മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 31 THE ONLINE OFFICIAL NEWS BULLETIN 2026 July 30

SEASON OF TRANSFIGURATION | **തേജസ്കരണകാലം**

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
2 10th Sunday after Pentecost	3	4	5	6 ✝ Mtalo The Feast of Transfiguration 60th Mem. of "Malankarayude Dharma Yogi" Alexious Mar Theodosios OIC (Bethany Ashram Perunad)	7 Comme. of St. Demetrios of Thessaloniki	8



മുഖ്യമന്ത്രി വി. ഡി. സതീശൻ മലങ്കരസഭാ ആസ്ഥാനം സന്ദർശിച്ചു

കോട്ടയം: മുഖ്യമന്ത്രി വി. ഡി. സതീശൻ മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമന സന്ദർശിച്ചു. പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായുടെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. മുൻ സഭാധ്യക്ഷന്മാരുടെ കബറിടങ്ങളിൽ മുഖ്യമന്ത്രി പുഷ്പാർച്ചന നടത്തി. മുഖ്യമന്ത്രിയായ ശേഷം ആദ്യമായാണ് വി. ഡി. സതീശൻ ദേവലോകത്തെത്തുന്നത്. ജൂലൈ 26-നു വൈകിട്ട് ഏഴിനാണ് എത്തിയത്.

ചാണ്ടി ഉമ്മൻ എം.എൽ.എ. യും ഒപ്പമുണ്ടായിരുന്നു. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, അരമന അസി. മാനേജർ ഫാ. ഗീവർഗീസ് ജോൺസൺ, അഡ്വ. ടോം കോര എന്നിവരും കൂടിക്കാഴ്ചയിൽ പങ്കാളികളായി. സഭയുടെ ക്ഷണം സ്വീകരിച്ച് ദേവലോകത്തെത്തിയ മുഖ്യമന്ത്രിക്ക് കാതോലിക്കാ ബാവാ ആശംസ നേർന്നു. സർക്കാരിന്റെ ജനക്ഷേമകരമായ എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ പിന്തുണയുണ്ടാകുമെന്ന് ബാവാ ഉറപ്പു നൽകി. ഒരു മണിക്കൂറോളം സഭാ ആസ്ഥാനത്ത് ചെലവഴിച്ച ശേഷമാണ് വി. ഡി. സതീശൻ മടങ്ങിയത്.




മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ മുൻ സഭാധ്യക്ഷന്മാരുടെ കബറിടങ്ങളിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ പുഷ്പാർച്ചന നടത്തുന്നു.



മഹാത്മാഗാന്ധി സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗമായി നിയമിതനായ ഡോ. തോമസ് കുരുവിള. കോട്ടയം ബസേലിയസ് കോളജ് മലയാളം വിഭാഗം തലവനാണ്. മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗവും കോട്ടയം ഭദ്രാസനത്തിലെ വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളി ഇടവകാംഗവുമാണ്.

ബഥാന്യ എക്സലൻസി അവാർഡ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്തായ്ക്ക്



റാന്നി :ബഥനി ആശ്രമ സ്ഥാപകനും കൊല്ലം, ബാഹ്യ കേരള ഭദ്രാസനങ്ങളുടെ മെത്രാപ്പൊലീത്തായുമായിരുന്ന അലക്സിയോസ് മാർ തേവോദോസിയോസിന്റെ സ്മരണാർത്ഥം നൽകുന്ന 'ബഥാന്യ എക്സലൻസി അവാർഡ്' കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്തായ്ക്ക്.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ സംഭാവനകൾ മാനിച്ചാണ് മാർ ക്ലിമ്മീസിനെ അവാർഡിന് തിരഞ്ഞെടുത്തതെന്ന് പെരുനാട് ബഥനി ആശ്രമം അറിയിച്ചു. 50,000 രൂപയും പ്രശസ്തി ഫലകവും അടങ്ങുന്ന അവാർഡ് ഓഗസ്റ്റ് 5-നു ബഥനി ആശ്രമത്തിൽ നടക്കുന്ന സമ്മേളനത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മാർ ക്ലീമ്മീസിന് സമർപ്പിക്കും.

കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത പരിസ്ഥിതി സംരക്ഷണത്തിനും സാമൂഹ്യ സേവനത്തിനും നൽകിയ സംഭാവനകളാണ് അവാർഡിന് പരിഗണിച്ചത്.

മുഖ്യമന്ത്രിയുടെ സന്ദർശനം ചിത്രങ്ങളിലൂടെ









ഗീവർഗീസ് മാർ ദീയസ്കോറോസിന്റെ 27-മത് ഓർമ്മ പെരുന്നാൾ ശുശ്രൂഷകൾ തിരുവനന്തപുരം സഹായ മെത്രാപ്പോലിത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ മുഖ്യകാർമ്മികത്തിൽ തിരുവനന്തപുരം ഉള്ളൂർ അരമനയിൽ നടത്തപ്പെട്ടു.



സിസ്റ്റർ സൂസന്ന അന്തരിച്ചു

കണ്ടനാട്: മാർ ഗ്രീഗോറിയോസ് ആശ്രമാംഗം സിസ്റ്റർ സൂസന്ന (74) അന്തരിച്ചു. കോട്ടയം, അമയന്നൂർ പുളിയ്ക്കൽ കുടുംബാംഗവും, വടക്കൻമണ്ണൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവക അംഗവുമാണ്. സംസ്കാരശുശ്രൂഷ 2026 ജൂലൈ 28-നു ആശ്രമത്തിൽ നടന്നു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

4-2-1953. കാതോലിക്കേറ്റ് അരമന, വകയാർ. രാവിലെ കാപ്പി കഴിഞ്ഞ് മാക്കാംകുന്നിനു തിരിച്ചു. തിയോളജിക്കൽ സെമിനാരിയിൽ നിന്നും മല്പാൻ നരിമറ്റത്തിൽ യോഹന്നാൻ കത്തനാരും നമ്മോടു കൂടെ വന്നിരുന്നു. പതിനൊന്നര മണിക്കു പള്ളിയിൽ എത്തി. പത്തു മിനിറ്റ് കഴിഞ്ഞപ്പോൾ ളാക്കൂരെ കത്തനാർ വന്ന് നാം ഉടനെതന്നെ വകയാറ്റു പള്ളിയിൽ എഴുന്നെള്ളണമെന്നും ഈട്ടിമൂട്ടിൽ കത്തനാർ നാം പ്രവേശിക്കാതിരിക്കത്തക്കവണ്ണം നിരോധന ഉത്തരവ് വാങ്ങിയിട്ടുണ്ടെന്നും ഉത്തരവു സ്ഥലത്തു കൊണ്ടുവരുന്നതിനു മുമ്പായി പള്ളിയകത്തു പ്രവേശിക്കേണ്ടിയിരിക്കുന്നു എന്നും മറ്റും നമ്മെ അറിയിച്ചു. അതനുസരിച്ച് നാം ഉടനെതന്നെ വകയാറ്റു പള്ളിക്കു തിരിച്ചു. രണ്ടു മൂന്നു കാറുകൾ നമ്മുടെ കാറിന്റെ കൂടെ വകയാറ്റേക്കു പോന്നിരുന്നു. വഴിമദ്ധ്യേ കോന്നിക്കു സമീപമായപ്പോൾ വഴിയിൽ നമ്മുടെ കാറ് ഒരു ബസ്സിന് സൈഡ് കൊടുക്കുമ്പോൾ പുറകിൽ നിന്നും ഒരു കല്യാണക്കാരുടെ വണ്ടി മറ്റ് വണ്ടികൾക്ക് സൈഡ് എടുത്തു വന്ന് നമ്മുടെ വണ്ടിയുടെ പുറകിൽ ശക്തിയായി ഇടിച്ചു. പെട്ടെന്ന് എല്ലാവരും പുറത്തിറങ്ങി. അപ്പോൾ ഇടിച്ച വണ്ടി നമ്മുടെ വണ്ടിയുടെ ബാക്ക് ബംബറിന്റെ പുറത്തു കയറി കോർത്തു കിടന്നിരുന്നു. അതു പൊക്കി മാറ്റിയശേഷം പള്ളിയിൽ എത്തി വിശ്രമിച്ചു. പന്ത്രണ്ടര മണിയോടു കൂടി തീമോത്തിയോസ് മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും വന്നു. നമ്മുടെ ആളുകൾ വളരെപേർ അവിടെ കൂടിയിരുന്നു. ഒരു മണിയോടു കൂടി പോലീസ് ഇൻസ്പെക്ടർ നാം പള്ളിയിൽ പ്രവേശിക്കരുതെന്നുള്ള ഓർഡർ കൊണ്ടുവന്നു. നാം പള്ളിയകത്ത് ഇരുന്നുകൊണ്ടു തന്നെ അതു കൈപ്പറ്റി. ഉച്ചകഴിഞ്ഞ് നമ്മുടെ ആളുകൾ കളക്ടറെ കണ്ട് സത്യാവസ്ഥ അറിയിക്കയും അറിയിച്ചതനുസരിച്ച് ഈട്ടിമൂട്ടിൽ കത്തനാരും അയാളോടു കൂടിയുള്ളവരും നാം പോരുന്നതുവരെ അവിടെ പ്രവേശിച്ച് ശല്യം ഉണ്ടാക്കരുതെന്ന് ഓർഡർ ഇട്ടു. അതിനായി പോലീസിനെ അയയ്ക്കയും ചെയ്തു. നാലു മണിയോടു കൂടി കോന്നി പള്ളിയിൽ നിന്നും മെത്രാച്ചനെ എതിരേറ്റ് കൊണ്ടുവന്നിരുന്നു. ആറേഴു പള്ളിക്കാരുടെ വകയായിട്ടായിരുന്നു ഈ സ്വീകരണം. ഇതിലും ആയിരക്കണക്കിന് ആളുകൾ സംബന്ധിച്ചിരുന്നു. മെത്രാച്ചനും മറ്റും എതിരേല്പിനു പോയപ്പോൾ നാം മദ്ബഹായിൽ പ്രവേശിച്ച് കല്ലിടീൽ ശുശ്രൂഷ നടത്തി. ആറു മണിക്ക് സന്ധ്യാനമസ്കാരവും പള്ളി കൂദാശയുടെ കുറെ ഭാഗവും നടത്തി. രാത്രിയിൽ പള്ളിമുറ്റത്ത് പ്രത്യേകം കെട്ടിഉണ്ടാക്കിയ മുറിയിൽ നാമും മെത്രാച്ചനും മറ്റും താമസിച്ചു.

5-2-1953. വകയാർ പള്ളി കൂദാശ. രാവിലെ ഏഴു മണിക്ക് നാമും മെത്രാച്ചനും കൂടി പള്ളിയിൽ പ്രവേശിച്ച് നമസ്കാരം ആരംഭിച്ചു. മൂന്നാം മണിയുടെ നമസ്കാരത്തിനു മുമ്പ് കാപ്പയും മറ്റും ധരിച്ച് പള്ളികൂദാശ ആരംഭിച്ചു. അട്ടച്ചാക്കൽ റമ്പാച്ചനും ദാനിയേൽ റമ്പാച്ചനും നാലഞ്ചു അച്ചന്മാരും കൂദാശയിൽ സംബന്ധിച്ചു. കൂദാശ പ്രമാണിച്ച് വലിയ ആൾക്കൂട്ടം പള്ളിയിൽ ഹാജരായിരുന്നു. കൂദാശയ്ക്കു ശേഷം നാമും മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. പന്ത്രണ്ടര മണിയോടു കൂടി എല്ലാം അവസാനിച്ചു.

നമ്മുടെ വണ്ടി നന്നാക്കുന്നതിനായി ളാക്കൂർ കത്തനാർ തിരുവനന്തപുരത്തിനു കൊണ്ടുപോയി. വണ്ടി മുട്ടി എന്നു കേട്ട ഉടനെ കോട്ടയത്തു നിന്നും മാനേജരച്ചനും മണലിൽ കത്തനാരും വന്നിരുന്നു.

ഉച്ചകഴിഞ്ഞ് മൂന്നു മണിയോടു കൂടി കോട്ടയത്തിനു തിരിച്ചുപോന്നു. സന്ധ്യയോടു കൂടി ഇവിടെ എത്തി. മെത്രാച്ചനും റമ്പാച്ചനും വകയാർ പള്ളിയിൽ താമസിച്ചു.

6-2-1953. കാതോലിക്കേറ്റ് അരമന. രാവിലെ മാനേജരച്ചനും മണലിൽ കത്തനാരും വന്നിരുന്നു. ചാപ്പലിന്റെ പണികൾ ഇന്നും ധൃതിയായി നടക്കുന്നുണ്ട്.



മേപ്രാക്കാരൻ മനോരമയിൽ ജോലിയുള്ള നൈനാൻ ഇവിടെ വന്ന് നാളെ നാം അങ്ങോട്ടു പോകുന്ന കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. നമ്മുടെ കാറ് വർക്ക്ഷോപ്പിൽ ആകകൊണ്ട് ടാക്സി കാറ് നാളെ രണ്ടുമണിക്ക് അയയ്ക്കുമെന്നും അത്യാവശ്യമായും അവിടെ എഴുന്നള്ളണമെന്നും നിർബന്ധമായി പറഞ്ഞു. അങ്ങനെ നാം സമ്മതിക്കയും ചെയ്തു.

7-2-1953. കാതോലിക്കേറ്റ് അരമന, മേപ്രാൽ. ഇന്ന് ചാപ്പലിന്റെ പണികൾ നടന്നുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടു കൂടി മേപ്രാക്കാരൻ നൈനാൻ കാറുമായി വന്നു. നാം അതിൽ മേപ്രായ്ക്കു തിരിച്ചു. തിരുവല്ലാ കവല മുതൽ നമ്മെ എതിരേറ്റ് മേപ്രായിലേക്കു കൊണ്ടുപോകുന്നതിനായി സൈക്കിളിൽ ആളുകൾ നിരയായി സന്നിഹിതരായിരുന്നു. അവിടെ നിന്നും യാത്ര തുടർന്ന് മേപ്രാൽ കവലയിൽ എത്തിയപ്പോൾ പല പള്ളിക്കാരും കൂടിചേർന്നുള്ള വലിയ ഒരു സ്വീകരണം ഉണ്ടായിരുന്നു. അവിടെ വച്ച് ജാതിമതഭേദമെന്യേ പലരും നമ്മെ ഹാരമണിയിച്ചു സ്വീകരിച്ചു. കുറിയാക്കോസ് റമ്പാച്ചനും മാമ്മൻ മാപ്പിളയും ഇഞ്ചക്കലോടിയും മറ്റ് പല സമുദായ പ്രമാണികളും അവിടെ വന്നിരുന്നു. സ്വീകരണഘോഷയാത്ര ഇംഗ്ലീഷ് സ്കൂളിൽ വന്നവസാനിച്ചു. സ്കൂളിന്റെ മുറ്റത്ത് പ്രത്യേകം തയ്യാർ ചെയ്തിരുന്ന ചാപ്പലിൽ ലുത്തിനിയാ കഴിഞ്ഞ് വിശ്രമിച്ചു. അനന്തരം കാതോലിക്കേറ്റ് പ്രചരണയോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. നമ്മെ കൂടാതെ റമ്പാച്ചനും, മാമ്മൻ മാപ്പിളയും, പാറക്കൽ കത്തനാർ, ഇഞ്ചക്കലോടി, ചാണ്ടി മാസ്റ്റർ എന്നിവർ കാതോലിക്കാസിംഹാസനത്തെപ്പറ്റിയും അബ്ദൽ മ്ശിഹാ ബാവായുടെ സ്ഥാനസാധുത്വത്തെപ്പറ്റിയും നാം സ്വീകരിച്ചിട്ടുള്ള എ അക്കം സത്യകാനോനെപ്പറ്റിയും മറ്റും ശ്രദ്ധേയമായ പ്രസംഗങ്ങൾ നടത്തി. പ്രാർത്ഥന, ചീയേഴ്സ് വിളി എന്നിവയോടു കൂടി യോഗം അവസാനിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞു അവിടെ അടുത്ത് ഒരുക്കിയിരുന്ന വീട്ടിൽ താമസിച്ചു. നമ്മുടെ കാറ് നന്നാക്കിക്കൊണ്ട് ളാക്കൂർ ജോർജ് കത്തനാരും ഡ്രൈവറും വന്നു.

8-2-1953. മേപ്രാൽ. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. ധാരാളം ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു.

എല്ലാവർക്കും ശുശ്രൂഷകൾ കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്നു. കുർബ്ബാനയ്ക്കുശേഷം കാപ്പി കഴിഞ്ഞ് തിരുവല്ല ചാലക്കുഴി പള്ളിയിൽ എത്തി പൊനക്കുളത്തു വറുഗീസിന്റെ മകളുടെ വിവാഹം നടത്തിക്കൊടുത്തു. ഉടനെതന്നെ മേപ്രാല്ക്കു തിരിച്ചുപോരുകയും ചെയ്തു. മൂന്നു മണിയോടു കൂടി പ്രത്യേകം തയ്യാർ ചെയ്തിരുന്ന വള്ളത്തിൽ നാം മേപ്രാൽ വലിയപള്ളിയിലേക്കു പോയി. അനേകം ആളുകൾ നാലഞ്ചു വള്ളങ്ങളിലായി പാട്ടും പാടിക്കൊണ്ട് നമ്മുടെ വള്ളത്തിന് അകമ്പടി സേവിച്ചിരുന്നു. പള്ളിയിലെത്തി ലുത്തിനിയാ കഴിഞ്ഞ് കുറച്ചുസമയം വിശ്രമിച്ചശേഷം താമസസ്ഥലത്തേക്കു തിരിച്ചുപോന്നു. പൂതിയോട്ടെ അച്ചനും പള്ളിയിൽ വന്നിരുന്നു. രാത്രിയിലും പകലും അവിടുത്തെ പല ചെറുപ്പക്കാരും നമ്മുടെ സുഖസൗകര്യങ്ങൾ അന്വേഷിച്ചു കൊണ്ടിരുന്നു.

9-2-1953. മേപ്രാൽ, കൂർത്തമല. രാവിലെ എട്ടരമണിക്കു കാപ്പി കഴിഞ്ഞ് കൂർത്തമലയ്ക്കു തിരിച്ചു. പത്തു മണിയോടു കൂടി ...ന്റെ വീട്ടിലെത്തി. അപ്പോഴേക്കും ദാനിയേൽ റമ്പാച്ചൻ അവിടെ എത്തിയിരുന്നു. അല്പസമയം വിശ്രമിച്ചശേഷം ടിയാന്റെ വീടുകൂദാശ നാം നടത്തിക്കൊടുത്തു. റമ്പാച്ചനും കൊലത്താക്കലച്ചൻ, കുറ്റീലച്ചൻ മുതലായി പല പട്ടക്കാരും ഇതിൽ സംബന്ധിച്ചു. അയാളുടെ ക്ഷണം അനുസരിച്ച് ജാതിമതഭേദമെന്യേ പലരും അവിടെ കൂടിയിരുന്നു. കൂദാശയ്ക്കു ശേഷം കൂടിയിരുന്ന എല്ലാവർക്കും വിഭവസമൃദ്ധമായ കാപ്പി സൽക്കാരമുണ്ടായിരുന്നു. അയാളുടെ കെട്ടിടം പണിക്കാർക്കെല്ലാം നമ്മുടെ കൈ കൊണ്ട് സമ്മാനം കൊടുത്തു. പതിനൊന്നര മണിയോടു കൂടി തിരിച്ചുപോന്നു. പോരുന്നവഴി, കണ്ടത്തിൽ ഡോക്ടറുടെ വീട്ടിൽ കയറി ടിയാന്റെ ദീനവിവരങ്ങൾ അന്വേഷിച്ച് പ്രാർത്ഥന നടത്തി. 12 മണിയോടു കൂടി കോട്ടയത്തിനു യാത്ര തുടർന്നു. ഒന്നര മണിക്ക് ഇവിടെ എത്തി. മാനേജരച്ചനും മറ്റും ഇവിടെയുണ്ടായിരുന്നു. ചാപ്പലിന്റെ പണികൾ ഇന്നും തുടർന്നു കൊണ്ടിരുന്നു.

1124 ഇടവം 6 മുതൽ 1950 സെപ്റ്റംബർ 28 വരെ

6-10-124. കോട്ടയം. വിശേഷമൊന്നുമില്ല.

7-10-124. കോട്ടയം. ഇന്നു വൈകിട്ട് മാനേജർ കത്തനാരും നൈനാനും പുതുശ്ശേരിയിൽ നിന്നും വന്നു. പള്ളിക്കൂടം പണിയെ സംബന്ധിച്ച വിവരങ്ങൾ നമ്മെ അറിയിച്ചു.

8-10-124. ഇന്ന് വി. യോഹന്നാൻ ശ്ലീഹായുടെ ഓർമ്മദിവസം ആയിരുന്നു. തീമോത്തിയോസ് മെത്രാച്ചൻ രാവിലെ വി. കുർബ്ബാന അർപ്പിച്ചു. നാമും അതിൽ സംബന്ധിച്ചിരുന്നു.

9-10-124. കോട്ടയം. ഇന്ന് ഞായറാഴ്ച രാവിലെ നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ കൊറ്റമ്പള്ളിൽ ഗീവറുഗീസ് ശെമ്മാശനു കത്തനാരുപട്ടം കൊടുത്തു. അയാൾ ഈയ്യിടെ പാത്രിയർക്കീസ് ഭാഗത്തുനിന്നും നമ്മുടെ കക്ഷിയിലേക്കു തിരിഞ്ഞതാണ്. തീമോത്തിയോസ് മെത്രാച്ചനും പട്ടം കൊടയിൽ സംബന്ധിച്ചിരുന്നു.

10-10-124. ഇന്നു രാവിലെ പത്തു മണിക്കുശേഷം സി. പി. മാത്തനും ഡോ. ചീരൻ വർഗീസും കൊച്ചിയിലെ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി മി. പി. ജെ. പൗലോസും നമ്മെ കാണുവാൻ വന്നു. സഭയിൽ സമാധാനം പുനഃസ്ഥാപിക്കുവാനുള്ള പരിശ്രമത്തിൽ നമ്മുടെ നില ആരായുന്നതിനാണ് അവർ വന്നത്. നമ്മുടെ നില ഒരു വിധത്തിലും സമാധാന സംസ്ഥാപനത്തിൽ ബാധകമായിരിക്കയില്ലെന്നും, ഏതു വിധേനയും സമാധാനമായി കാണുവാൻ നാം ആഗ്രഹിക്കുന്നുവെന്നും അവരെ നാം മനസ്സിലാക്കി. പ്രധാനമായി സമാധാന സ്ഥാപനത്തിൽ ഓർത്തിരിക്കേണ്ട സംഗതികളും അവർക്കു നാം മനസ്സിലാക്കിക്കൊടുത്തു. കെ. പി. ഏബ്രഹാം ഇന്നേ ദിവസം കോട്ടയത്തുണ്ടെന്നും അയാളുമായി കൂടി കണ്ടിട്ട് വിവരം വന്നു പറയാമെന്നും പറഞ്ഞിട്ട് സി. പി. മാത്തൻ മുതൽപേർ 12 മണിയോടു കൂടി തിരിച്ചുപോയി.

11-10-124. കോട്ടയം. ഇന്നു രാവിലെ പത്തു മണിയോടു കൂടി നാം പുതുശ്ശേരിക്കു പോയി. ഉച്ചയ്ക്കുശേഷം മൂന്നു മണി വരെ അവിടെ കഴിച്ചുകൂട്ടി. സ്കൂൾപണി വളരെ ഊർജ്ജിതത്തിൽ നടക്കുന്നു. മൂന്നു മണിക്കു അവിടെ നിന്നു തിരിച്ച് മൂന്നര മണിക്ക് തിരുവല്ല ബഥനിയിൽ എത്തി. അവിടെ നിന്നും അഞ്ചര മണിയോടു കൂടി നാം ഇങ്ങോട്ടു തിരിച്ചു. ആറരയ്ക്കു ഇവിടെ സസുഖം എത്തി.

12-10-124. കോട്ടയം. ഇന്ന് ജഡ്ജി പി. വി. സൈമൺ ഇവിടെ വന്ന് നമ്മെ കണ്ടു. അയാൾ ഇപ്പോൾ വെക്കേഷൻ ജഡ്ജിയെന്ന നിലയിൽ കോട്ടയത്തുണ്ട്.

13-10-124. കോട്ടയം. വിശേഷമൊന്നുമില്ല.

14-10-124. കോട്ടയം, പരുമല. തീമോത്തിയോസ് മെത്രാച്ചനെ തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാളായി ഇന്ന് നാം കല്പന കൊടുത്തു. മെത്രാച്ചനെ സഹായിക്കുന്നതിലേക്കു നരിമറ്റത്തിൽ യോഹന്നാൻ കത്തനാരെയും നിയമിച്ചു കല്പന കൊടുത്തു. പാറേട്ട് മാത്യൂസ് കത്തനാർ ഉച്ചയോടു കൂടി പഴയസെമിനാരിയിൽ എത്തി നമ്മെ കണ്ടു. തിയോളജിക്കൽ സെമിനാരി കാര്യങ്ങളെക്കുറിച്ചു സംസാരിച്ചു. വട്ടക്കുന്നേൽ മാത്യൂസ് കത്തനാർ, കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ, ഓതറ ഇ. മാത്യൂസ് കത്തനാർ എന്നിവർക്ക് തീമോത്തിയോസ് മെത്രാച്ചനുമായി യോജിച്ച് തിയോളജിക്കൽ സെമിനാരിയിൽ തുടരാമെന്ന് സമ്മതമുള്ളതായി പാറേട്ടച്ചൻ നമ്മെ അറിയിച്ചു. ഉച്ചയ്ക്കുശേഷം മൂന്നു മണിയോടു കൂടി പരുമലയ്ക്കു തിരിച്ചു. വഴിമദ്ധ്യേ തിരുവല്ലാ ബഥനി അരമനയിൽ അര മണിക്കൂറോളം വിശ്രമിച്ചു. അവിടെ നിന്നും തിരിച്ച് അഞ്ചര മണിക്കു ഇവിടെ എത്തി.

15-10-124. പരുമല. ഇന്നു കന്യാസ്ത്രീയമ്മയുടെ കതിരുകളെക്കുറിച്ചുള്ള പെരുന്നാൾ ആയിരുന്നു. റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. നാമും കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. ഉച്ചയ്ക്കുശേഷം മാർ തേവോദോസ്യോസ് മെത്രാച്ചൻ വന്നു.

16-10-124. ബഥനി അരമന, തിരുവല്ല. ഇന്ന് സ്വർഗ്ഗാരോഹണ പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ചയായിരുന്നു. നാമും തേവോദോസ്യോസ് മെത്രാച്ചനും റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം, ഇലഞ്ഞിക്കൽ ജോൺ കുരുവിള (കൊച്ചുണ്ണി) യുടെ മകനും, ഉപ്പൂട്ടിൽ കുഞ്ഞച്ചന്റെ മകളും തമ്മിലുള്ള വിവാഹം നടത്തിക്കൊടുത്തു. വിവാഹത്തിനു നിരണത്തു നിന്നും ചില അച്ചന്മാർ വന്നിരുന്നു. കോട്ടയത്തു നിന്നും നമ്മുടെ സെമിനാരി മാനേജരച്ചനും കല്ലുപുരയ്ക്കലച്ചനും വന്നിരുന്നു.

തിരുവിതാംകൂർ മന്ത്രിമാരായ ടി. എം. വർഗീസ്, സി. കേശവൻ, ... ഒ. വി. മർക്കോസ്, എ. ജെ. ജോൺ, എൻ. കുഞ്ഞുരാമൻ, ... എന്നിവരും മറ്റു പല പ്രമുഖ വ്യക്തികളും വന്നിരുന്നു. യൂറോപ്യന്മാരും വളരെപ്പേരുണ്ടായിരുന്നു. മിസ്സിസ് ജോൺ മത്തായി വന്നിരുന്നു.

ഉച്ചയ്ക്കുശേഷം തേവോദോസ്യോസ് മെത്രാച്ചൻ പെരുനാട്ടിലേയ്ക്കു പോയി. അതിനുശേഷം പരുമല നിന്നും നാം തിരുവല്ലാ ബഥനിയിലേക്കു തിരിച്ചു. അഞ്ചു മണിയോടു കൂടി ബഥനിയിൽ എത്തി.

17-10-124. പരുമല. രാവിലെ ഏഴു മണിയോടു കൂടി തിരുവല്ലായിൽ നിന്നും പുതുശ്ശേരി സ്കൂളിലേക്കു പോയി. എട്ടു മണിയോടു കൂടി അവിടെയെത്തി കാപ്പിമേശ കഴിച്ചു. അതിനുശേഷം പുതുതായി പണി കഴിപ്പിച്ച സ്കൂൾ കെട്ടിടത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. അനന്തരം ഫോർത്ത് ഫോമിലേക്കുള്ള കുട്ടികളെയെല്ലാം പുതിയ കെട്ടിടത്തിലേക്കു പ്രവേശിപ്പിച്ച് അവർക്ക് ചെറിയ ഉപദേശം കൊടുത്തു. സ്കൂൾ കെട്ടിടത്തിന്റെ ബാക്കി പണികൾ വേഗം പൂർത്തിയാക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ നൽകിയിട്ട് ഉച്ചയ്ക്കുശേഷം നാം പരുമലയ്ക്കു തിരിച്ചു. അഞ്ചു മണിയോടു കൂടി ഇവിടെയെത്തി.

18-10-124. പരുമല. വിശേഷമൊന്നുമില്ല.

19-10-124. പരുമല. ഇന്നു പത്തു മണിയോടു കൂടി കരിപ്പുഴ നിന്നും ക്യാപ്റ്റൻ ഉമ്മൻ മുതൽപേർ വന്നിരുന്നു. അവരുടെ പള്ളിക്കേസുകൾ പറഞ്ഞു തീർക്കുവാൻ വരുവാൻ നാം കല്പന അയച്ചതനുസരിച്ചാണ് അവർ വന്നത്. ടി പള്ളിയിലെ വികാരിയായ പുത്തൻപുരയിൽ തോമ്മസ് കത്തനാർ, തവണപ്പട്ടക്കാരായ തെരുവിലെവീട്ടിൽ സ്കറിയാ കത്തനാർ, ചാമപ്പറമ്പിൽ ഈശോ കത്തനാർ എന്നിവർ വരുവാൻ നാം കല്പന അയച്ചിരുന്നെങ്കിലും അവർ വന്നില്ല. തന്നിമിത്തം കരിപ്പുഴ പള്ളിയിൽ (ഇടവകയിൽ) ശവമടക്കും, രോഗികളുടെ തൈലാഭിഷേകവും ഒഴിച്ച്, മറ്റ് യാതൊരു കർമ്മങ്ങളും നടത്തുവാനും മറ്റു പള്ളികളിലേക്കു കുറി കൊടുക്കുവാനും പാടില്ലെന്നും നാം കല്പന രജിസ്റ്റർ ചെയ്തു ടി മൂന്നു പട്ടക്കാർക്കും അയച്ചിട്ടുണ്ട്. ഇനിയൊരു കല്പന ഉണ്ടാകു

ന്നതുവരേയ്ക്കും മേല്പറഞ്ഞ കല്പന പ്രാബല്യത്തിലിരിക്കുന്നതാണ്. ടി കല്പനയുടെ ഒരു കോപ്പി മാർ തേവോദോസ്യോസ് മെത്രാച്ചനും അയച്ചു കൊടുത്തിട്ടുണ്ട്. ഇന്ന് മാനേജർ കത്തനാർ കുർബ്ബാന ചൊല്ലി.

20-10-124. പരുമല. ഇന്ന് പുത്തൻപുരയിൽ അച്ചനും ചാമപ്പറമ്പിൽ ഈശോ കത്തനാരും വന്നു. കരിപ്പുഴ പള്ളിക്കാര്യം എല്ലാം പറഞ്ഞു. നാം ഇവിടെ നിന്നും അയച്ച കല്പന കൈപ്പറ്റിയിട്ടു വേണ്ടപ്പെട്ടവരുമായി വരുവാൻ അവരെ പറഞ്ഞയച്ചു. ഡോക്ടർ ഉമ്മനുമായി മറ്റുള്ള ഇടവകക്കാർ യോജിച്ചു പോകുവാൻ പ്രയാസമാണെന്നാണ് അറിവാൻ സാധിച്ചത്.

21-10-124. പരുമല. ഇന്ന് വിശേഷമൊന്നുമില്ല.

22-10-124. പരുമല. വൈകുന്നേരം കരിപ്പുഴ നിന്നും ഡോ. ഉമ്മനും കക്ഷിയും ഇവിടെ വന്നു. ഡോ. ഉമ്മന്റെ പേരിലുള്ള കല്പനയ്ക്കു പുറമെ, അയാളുടെ കക്ഷിക്കാരുടെ കർമ്മാദികൾക്കും തടസ്സം വരാതിരിപ്പാൻ തക്കവണ്ണം കല്പന കൊടുത്തു.

23-10-124. പരുമല. പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച. ഇന്നു രാവിലെ മാരേട്ട് തോമസ് റമ്പാൻ വി. കുർബ്ബാന ചൊല്ലി. നാം കുർബ്ബാനയിൽ സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം കോട്ടയത്തു നിന്നു മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നേച്ചു പോയി. വേറെ വിശേഷമൊന്നുമില്ല.

24-10-124. പരുമല. ഇന്ന് കണ്ടനാട്, മാർ ഈവാനിയോസ് (ഇവിടെ കബറടങ്ങിയ) മെത്രാച്ചന്റെ ഓർമ്മദിവസമായിരുന്നു. രാവിലെ നാമും റമ്പാച്ചനും പന്നായിക്കടവിൽ കത്തനാരും കൂടി വി. കുർബ്ബാന (മൂന്നിന്മേൽ) ചൊല്ലി. കബറിങ്കൽ ധൂപം വച്ചു. ഉച്ചയ്ക്കുശേഷം സി. ഐ. നൈനാൻ വന്നിരുന്നു. പുതുശ്ശേരി സ്കൂളിലേക്കു ഒരു ഹെഡ്മാസ്റ്ററിനെ നിയമിക്കുന്ന കാര്യത്തിനാണ് വന്നത്. അവിടേക്കു നിയമിക്കുവാൻ നിശ്ചയിച്ചിട്ടുള്ള മല്ലപ്പള്ളിക്കാരൻ എം. ഇ. ജോർജിനെ നാളെ വിളിച്ചുകൊണ്ടുവരുവാൻ നൈനാനോടു പറഞ്ഞയച്ചു.

25-10-124. പരുമല. ഇന്ന് ഇവിടെ അടങ്ങിയ ഹോറേബ് അച്ചന്റെ ഓർമ്മ. അയാളുടെ അനുജൻ അച്ചൻ കുർബ്ബാന ചൊല്ലി. രാവിലെ സി. ഐ. നൈനാനും, എം. ഇ. ജോർജും വന്നു. ജോർജിനോട് പുതുശ്ശേരി സ്കൂളിലെ ഹെഡ്മാസ്റ്റർ ആകുവാൻ നാം ആവശ്യപ്പെട്ടു. സമ്മതിച്ചു. വേറെ വിശേഷമൊന്നുമില്ല. പി. എൻ. നൈനാൻ വന്നു.

26-10-124. പരുമല. രാവിലെ മാനേജർ, മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലി. നൈനാൻ രാവിലെ പോയി. കാതോലിക്കാ ദിനപിരിവ് 177 രൂപ 14 ചക്രം, റിശീസ്സാ 14 ചക്രം ഇത്രയും നൈനാനെ ഏല്പിച്ചു.

27-10-124. പരുമല. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. റമ്പാച്ചനും മാനേജരച്ചനും കുർബ്ബാനയ്ക്കു ശേഷം കറ്റാനത്തിനു പോയി. വൈകിട്ടു തിരിച്ചുവന്നു. കായങ്കുളത്തു നിന്നും നമുക്ക് ഒരു ചുവന്ന കുപ്പായത്തിനു തുണി കൊണ്ടുവന്നു.

28-10-124. പരുമല. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. മാനേജരച്ചൻ കേസു സംബന്ധിച്ച് ആലപ്പുഴയ്ക്കു പോയി. പയ്യമ്പള്ളിൽ ദാവീദ് കത്തനാർ കായംകുളത്തു നിന്നും വന്നു ഹോറേബ് ദയറായുടെ ജീർണ്ണോദ്ധാരണത്തിനായി 110 രൂപ വാങ്ങിക്കൊണ്ടു പോയി. മാനേജർ കത്തനാർ സന്ധ്യയോടു കൂടി വന്നു.

29-10-124. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. നാമും കുർബ്ബാനയിൽ സംബന്ധിച്ചു.

30-10-124. പരുമല. പെന്തിക്കോസ്തി ഞായറാഴ്ച. രാവിലെ നാം വി. കുർബ്ബാന ചൊല്ലുകയും പെന്തിക്കോസ്തിയുടെ ക്രമങ്ങൾ നടത്തുകയും ചെയ്തു.

31-10-124. പരുമല. ഇന്നു രാവിലെ മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലി. ഇന്ന് അഹറോൻ ബാവായുടെ ഓർമ്മയായിരുന്നു. കുർബ്ബാനയ്ക്കു ശേഷം നാം നിരണത്തു പള്ളിയിൽ ചെന്ന് മട്ടയ്ക്കലെ ജോർജ് ശെമ്മാശന്റെ കല്യാണം നടത്തിക്കൊടുത്തു. ഉച്ചയ്ക്കുശേഷം നാം നിരണത്തു നിന്നും പരുമലയ്ക്കു തിരിച്ചു. നാലു മണിക്കു പരുമലയിലെത്തി.

32-10-124. കുണ്ടറ. രാവിലെ കാപ്പി കഴിഞ്ഞ് ഏഴര മണിക്കു പരുമല നിന്നും മാവേലിക്കരയ്ക്കു തിരിച്ചു. വഴിക്കു വെള്ളപ്പൊക്കം മൂലം വളരെ പ്രയാസപ്പെട്ടാണ് മാവേലിക്കരയെത്തിയത്. പത്തര മണിയോടു കൂടി മാവേലിക്കര തഴക്കര സ്കൂളിൽ എത്തി. ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞ് രണ്ടു മണിക്ക് ഇങ്ങോട്ടു തിരിച്ചു. നാലു മണിയോടു കൂടി ഇവിടെയത്തി. ഇവിടെ കുറിയാക്കോസ് റമ്പാച്ചനും കോശി കത്തനാരും തമ്മിൽ അത്ര രസമില്ല.

1-11-124. കുണ്ടറ. ഇന്ന് പത്തു മണിക്കുശേഷം നാം ഇവിടുത്തെ ഹൈസ്കൂളും, പ്രൈമറി സ്കൂളും സന്ദർശിച്ചു. പഠനം വളരെ തൃപ്തികരമായ രീതിയിൽ നടക്കുന്നു.

2-11-124. കുണ്ടറ. ഇന്ന് നമ്മുടെ ജന്മദിനമായിരുന്നു. മാർ ഔതേലിന്റെ ഓർമ്മയും ഇന്നു തന്നെ. പരുമല കൊച്ചുമെത്രാച്ചന്റെ ജന്മദിനവുമിന്നായിരുന്നു. രാവിലെ നാമും കുറിയാക്കോസ് റമ്പാച്ചനും മുളന്തുരുത്തിക്കാരൻ യാക്കോബ് കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം പത്തു മണിക്ക് സ്കൂളിൽ വച്ച് നമ്മുടെ ജന്മദിനം പ്രമാണിച്ച് ഒരു മീറ്റിംഗ് ഉണ്ടായിരുന്നു. അതിൽ നാം അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾക്കും അദ്ധ്യാപകർക്കും പുറമെ സ്ഥലവാസികളായ പലരും അതിൽ സംബന്ധിച്ചിരുന്നു. മീറ്റിംഗിന്റെ അവസാനത്തിൽ കൂടിയിരുന്ന എല്ലാവർക്കും മുട്ടായി നാം തന്നെ കൊടുത്തു. ഇന്ന് ഉച്ചയ്ക്കുശേഷം നാം പത്തനാപുരത്തിന് പോകുവാൻ ഉദ്ദേശിച്ചിരുന്നു. പക്ഷേ തിരുവനന്തപുരത്തു നിന്നും മണലിൽ യാക്കോബ് കത്തനാരുടെ എഴുത്ത്, നാം തിരുവനന്തപുരത്തിന് ചെല്ലണമെന്നു കാണിച്ചുള്ളത് വന്നതിനാൻ പത്തനാപുരത്തിനു പോയില്ല.

3-11-124. കുണ്ടറ, തിരുവനന്തപുരം. ഇന്ന് സ്വർണ്ണവെള്ളിയാഴ്ച ആയിരുന്നു. ഇന്ന് നാം കുണ്ടറ സെമിനാരിയിൽ വി. കുർബ്ബാന ചൊല്ലി. ഉച്ചഭക്ഷണത്തിനുശേഷം രണ്ടര മണിക്ക് തിരുവനന്തപുരത്തിനു തിരിച്ചു. നാലു മണിക്ക് ഇവിടെയെത്തി. ഇന്ന് ഇ. ജെ. ഫീലിപ്പോസ് മുതലായവർ ഇവിടെ വന്നു നമ്മെ കണ്ടു. നമ്മുടെ എതിർഭാഗം വക്കീൽ നേരത്തെതന്നെ സ്ഥലത്തെത്തിയിട്ടുണ്ട്. നമ്മുടെ വക്കീൽ കെ. എം. മുൻഷി 5-നു (ഞായർ) വിമാനത്തിൽ വരുന്നു എന്നറിഞ്ഞു.

4-11-124. തിരുവനന്തപുരം. ഇന്ന് ജോഷാ കത്തനാർ വി. കുർബ്ബാന ചൊല്ലി. ഇ. ജെ. ഫീലിപ്പോസ്, എം. സി. മാത്യു മുതലായവർ വന്നിരുന്നു.

5-11-124. തിരുവനന്തപുരം. പെന്തിക്കോസ്തിക്കു ശേഷം ഒന്നാം ഞായറാഴ്ച. രാവിലെ ആറര മണിക്ക് ഇവിടുത്തെ വികാരി മാത്യു കത്തനാർ വി. കുർബ്ബാന ചൊല്ലി. അനന്തരം എട്ടര മണിക്ക് നാം വി. കുർബ്ബാന ചൊല്ലി. നമ്മുടെ ഭാഗം വക്കീൽ കെ. എം. മുൻഷി ഇന്ന് പതിനൊന്നരയ്ക്കു ശേഷം വിമാനത്തിൽ വന്നു. ഇ. ജെ. ഫീലിപ്പോസ്, എം. സി. മാത്യു, മണലിൽ യാക്കോബ് കത്തനാർ എന്നിവർ അയാളെ സ്വീകരിച്ച് മസ്കറ്റ് ഹോട്ടലിൽ താമസിപ്പിച്ചു. കേസിന്റെ വാദം കേൾക്കുവാനായി പല സ്ഥലങ്ങളിൽ നിന്നും ആളുകൾ വന്നിട്ടുണ്ട്.

(തുടരും)



പ്രശസ്ത കഥാകൃത്ത് ബാബു കുഴിമറ്റത്തിന്റെ എഴുത്തിന്റെ 50 ആണ്ടുകൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി പേപ്പർ പബ്ലിക്ക പ്രസിദ്ധരിച്ച *ബാബു കുഴിമറ്റത്തിന്റെ സമ്പൂർണ്ണ രചനകൾ* എന്ന പുസ്തകം നിയമസഭ ഡപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ പ്രകാശനം ചെയ്തു. എം. എം. ഹസൻ ആദ്യ പ്രതി ഏറ്റുവാങ്ങി. പ്രസ്ക്ലബ്ബിൽ ചേർന്ന യോഗത്തിൽ ഡോ. ബെറ്റിമോൾ അദ്ധ്യക്ഷത വഹിച്ചു

ബാവായും ബാവാ പറമ്പും മലങ്കരസഭയും – 2

ഡോ. എം. കുര്യൻ തോമസ്

തിരുവനന്തപുരം പള്ളി നിർമ്മാണത്തെപ്പറ്റി പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസിന്റെ മുകളിൽ പറഞ്ഞ കല്പനയോടൊപ്പം ഒരു പിരിവു ലിസ്റ്റും മേൽപറഞ്ഞ ഗ്രന്ഥത്തിൽ (സി. മർക്കോസ് കാരയ്ക്കാട്ട്, *പ്രവാസികൾ – തെക്കുംഭാഗ സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ചുള്ള ഒരു ചരിത്ര പഠനം*, കോട്ടയം, ക്നാനായ ലെയിറ്റി കൗൺസിൽ, 2001) ചേർത്തിട്ടുണ്ട്.

പിരിവു നൽകിയവരുടെ ലിസ്റ്റ്

പേര്	രൂപ
അന്ത്യോക്യായുടെ മൂന്നാമത്തെ പത്രോസ് എന്ന	
ഇഗ്നാത്തിയോസ് പാത്രിയർക്കീസ്	200
യൗസേപ്പു മെത്രാപ്പോലീത്താ	150
ദയറായ ഗീവറുഗീസ്	50
ദയറായ ഗീവർഗീസ്	50
നീലംപേരൂർ പള്ളിയിൽ ഏലിയാസു കത്തനാർ	15
കൊട്ടയത്തു ചെറിയപള്ളിയിൽ കുന്നുമ്പുറത്ത്	
യാക്കോബ് കത്തനാർ	20
തൊമ്പ്ര മത്തായി കത്താനാർ	14
എരുത്തിക്കൽ ദാനിയേൽ കത്തനാർ	24
കുണ്ടറ പള്ളിയിൽ മത്തായി കത്തനാർ	10
മല്കെ മക്കുദിശാ ഗബ്രിയേൽ (കൂറിലൊസ് ബാവ അനുജൻ)	100
കുമരെത്തപള്ളിയിൽ പത്രൊസ് കത്തനാർ	5
തെറാമ്പിൽ ഗീവറുഗീസ് കത്തനാർ	5
നടമേൽ പള്ളിയിൽ മൂക്കഞ്ചേരി ഗീവറുഗീസ് കത്തനാർ	10
കരിങ്ങാശ്രപള്ളി ഗീവറുഗീസ് കത്തനാർ	7
കുന്നക്കുരുടി നാരകത്തിൽ കുര്യൻ കത്തനാർ	5
മാമലശേരി കോനാട്ട് മത്തായി കത്തനാർ	5
കുഴികണ്ടത്തിൽ മത്തായി കത്തനാർ	10
പുറവുലാരു, കണ്ണെത്ത ശിമഓൻ കത്തനാർ	5
കുറുപ്പംപടി പടയാട്ടിൽ ഇസഹാക്ക് കത്തനാർ	5
കടമറ്റത്ത് കുന്നപ്പുള്ളിൽ ഗീവറുഗീസ്	5
മാവേലിക്കര വടക്കെത്തല ചാണ്ടി കത്തനാർ	14
റാന്നി താഴത്തു മത്തായി കത്തനാർ	4
മുളന്തുരുത്തി ചാലപ്പുറത്ത് കോറി യാക്കോബ് കത്തനാർ	10
കോലഞ്ചേരി പറമ്പാത്ത് പൗലോസ് കത്തനാർ	5
കുന്നുംപുറത്തു കോര കുര്യൻ	200
നിരണം ഇലഞ്ഞിക്കൽ മാത്തു ചാക്കോ	35
വള്ളക്കാലിൽ ചാക്കോ ചാക്കോ	32 1/2
പുത്തൂപ്പള്ളിൽ വർക്കി കൊച്ചുവർക്കി	32 1/2
പള്ളത്ത് ഒറ്റതൈയ്ക്കൽ തൊമ്മൻ മാണി	5
കല്ലൂപ്പാറ കല്ലൂരം പീലിപ്പോസ് മുപ്പച്ചൻ	10
കണ്ടത്തിൽ മാത്തുള്ള മാത്തുള	50
ചങ്കരമങ്ങലത്തു വർക്കി ഉമ്മൻ	20
ആറാട്ടുപുഴ കൊല്ലംപറമ്പിൽ കുഞ്ഞെൻ ഗീവറുഗീസ്	35
പുത്തൻകാവ് കിഴക്കെതലയ്ക്കൽ പെരുമാൾ ഉമ്മൻ	10
കല്ലൂപ്പാറ പടിപ്പുരയ്ക്കൽ കുരുവിള ഉമ്മൻ	10
ചിറക്കടവിൽ കോര കോരുളാ, കോട്ടയം	40
എറികാട്ട് മാത്തു	40



പുത്തൻകളത്തിൽ ഉലഹന്നാൻ ചാക്കോ	40
കണ്ടനാട്ടു പുല്ലിയാട്ട് തൊകലൻ മാത്തു പൗലോ	25
കണ്ടനാട്ടു കരോട്ട കുഞ്ഞികോര	25
തെക്കൻ കൊച്ചുപാലത്തിങ്കൽ മാത്തുള പൗലോ	25
റാന്നി വളഞ്ഞന്തുരുത്തിയിൽ ചാക്കോ	3
വരവുതോട്ടത്തിൽ ഇട്ടിയവിരാ	2
കണ്ണാത്തുമുറിയിൽ ഉതുപ്പാൻ ഉതുപ്പാൻ	2
നെടുന്താനത്ത് ഉണ്ണുട്ടൻ കുര്യൻ	2
മുരിക്കോലിൽ ഇട്ടിയവിരാ ഇട്ടിയവിരാ	2
പീലാത്താനത്തിൽ ചാണ്ടി മാത്തൻ	2
മുളന്തുരുത്തി എപ്പാടപ്പാത്ത് അബ്രഹാം കത്തനാർ	
ചാത്തുരുത്തി മത്തായി വർക്കി	30
തലങ്ങാട്ട് ചെറിയ കുരുവിള	14
ചാത്തുണ്ണൂരു കോയിപ്പുറത്ത് കൊച്ചിട്ടിചാണ്ടി കൊച്ചാക്കോ	5
അങ്കമാലി കരോട്ടുവീട്ടിൽ യാക്കോബ് കത്തനാർ	5
ചക്കര കുഞ്ഞുവർക്കി കത്തനാർ	10
മങ്ങാട്ടുംപള്ളി ചാണ്ടി ചാക്കോ	5
നിരണം കണിയാന്ത്ര നൈനാക്കത്തനാർ	10
പള്ളിക്കര കുരിശുങ്കൽ ഇട്ടിയവിരാ കത്തനാർ	10
പന്തപുലാക്കൽ വർക്കി പൈലി	5
കണ്ണിയാട്ടുനിര പള്ളി പുത്തൻവീട്ടിൽ മത്തായി കത്തനാർ	7
കോട്ടയം പുത്തൻപള്ളി എരുത്തിക്കൽ സ്കറിയാ കത്തനാർ	15
നടമേൽ മൂക്കഞ്ചേരി ചെറിയ ചെറിയ	10
കുമരകം വയലാറ്റുശേരിൽ പൊയ്കൻ കുരുവിള	30
കളത്തിൽപറമ്പിൽ കുര്യൻ ചാക്കോ	10
കല്ലുങ്കത്ര മുപ്പാത്തിയിൽ സ്കറിയാ കത്തനാർ	10
പുത്തൻപുരയ്ക്കൽ തൊമ്മസ് ശെമ്മാശൻ	5

കുറിഞ്ഞി പാടല വർക്കി ഇട്ടൂപ്പ് 25
സ്തെഫാനൊസ ശെമ്മാശൻ (മുസൽ) 10
പുതുപ്പള്ളി പാറയ്ക്കൽ മാണി ഈശോ 40
മല്ലപ്പള്ളി കയ്യാലകത്ത് ചാക്കോ പോത്തൻ 40
കണ്ടനാട്ട് കരവട്ടുവീട്ടിൽ ശിമവൂൻ കോറി 14
കരിങ്ങാശ്ര കുഞ്ഞുവീട്ടിൽ സ്കറിയ കത്തനാർ
ചെമ്പിൽ അമ്പലത്തുങ്കൽ പത്രോസ് കത്തനാർ
പറവൂർ തോപ്പിൽ ലൂക്കോസു കത്തനാർ

പത്രോസ് പാത്രീയർക്കീസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് എന്നിവരടക്കം 74 പേരുടെ പേരാണ് ഈ പട്ടികയിലുള്ളത്. ഇവരിൽ അഞ്ചുപേരുടെ പേരിൽ തുക ചേർത്തിട്ടില്ല. മിക്കവാറും ലിപിമാറ്റം നടത്തി പ്രസിദ്ധീകരിച്ചവർക്ക് പറ്റിയ നോട്ടപ്പിശകാകാം. ഈ കല്പനയും ലിസ്റ്റും അക്കാലത്തെ പതിവനുസരിച്ച് അച്ചടിച്ചതാകാനാണ് സാദ്ധ്യത.

ക്നാനായക്കാർ അടക്കം തെക്കും വടക്കുമുള്ള കത്തനാരുമാരിൽ നിന്നും അവൈദികരിൽ നിന്നും സംഭാവന സ്വീകരിച്ചതായി കാണുന്നുണ്ട്. ഈ പട്ടിക പ്രകാരം 1,688 രൂപ അന്നുവരെ പിരിച്ചിട്ടുണ്ട്. അതിൽ പാത്രിയർക്കീസ്, കുന്നും പുറത്തു കോര കുര്യൻ എന്നിവർ 200 രൂപ വീതവും മാർ ദീവന്നാസ്യോസ് നൽകിയ 150 രൂപയുമാണ് ഏറ്റവും കൂടിയ തുകകൾ. പലർ നൽകിയ രണ്ടു രൂപാ വീതമാണ് കുറഞ്ഞ തുക. പട്ടികയിൽ കാണുന്ന രണ്ട് ദയറായ ഗീവറുഗീസുമാർ യഥാക്രമം കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്, പ. പരുമല തിരുമേനി എന്നിവരാണ്. അവർ ഇരുവരും സെക്രട്ടറിമാരായി പാത്രിയർക്കീസിനൊപ്പം ഉണ്ടായിരുന്നു.




ഈ കല്പന, ആധാരത്തീയതി, പിരിവു പട്ടിക, തുക എന്നിവയുടെ അടിസ്ഥാനത്തിൽ തീയതിയുടെ പൊരുത്തക്കേടും ഇതര വസ്തുതകളും പരിശോധിക്കാം.

(തുടരും)

(ഈ ലേഖനത്തോടൊപ്പം പേജ് ആറിൽ കൊടുത്തിരിക്കുന്ന ചിത്രം എഐ സാങ്കേതികവിദ്യയിൽ തയ്യാറാക്കിയതാണ്. പേജ് ഏഴിൽ കൊടുത്തിരിക്കുന്ന പത്രോസ് പാത്രിയർക്കീസ് ബാവായുടെ ചിത്രം, അദ്ദേഹം മെത്രാൻ സ്ഥാനം കൊടുത്ത കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോനിൽ നിന്നും എടുത്തതാണ്. - ലേഖകൻ)

പുസ്തകം



ഹൃദയത്തിൽ തട്ടുന്ന പ്രമേയങ്ങളും ബിംബകല്പനകളും

ഭൗതികതയുടെയും ആത്മീയതയുടെയും അതിർവരമ്പുകളെ അറ്റുപോകുന്ന തീവ്രമായ അനുഭൂതിമണ്ഡലങ്ങളിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുന്ന മനോഹരമായ കവിതാശേഖരമാണിത്. ബൈബിൾ കഥാപാത്രങ്ങളുടെയും സംഭവങ്ങളുടെയും പുനർവായനയിലൂടെ മനുഷ്യജീവിതത്തിന്റെ വിവിധ അവസ്ഥകളെയും ആകുലതകളെയും കവിതകൾ ആഴത്തിൽ ആവിഷ്കരിക്കുന്നു. യേശുക്രിസ്തുവുമായുള്ള പ്രാണബന്ധത്തിന്റെ ആത്മീയതയും, 'വിശന്ന് മരിക്കാൻ ഒരാളെയും അനുവദിക്കരുത്' പോലെയുള്ള കവിതകളിൽ നിറയുന്ന സാമൂഹിക നീതിക്കുവേണ്ടിയുള്ള നിലവിളികളും വായനക്കാരുടെ മനസ്സിനെ ഒരുപോലെ ഉലയ്ക്കുന്നവയാണ്.

ജീവിതത്തിന്റെ സങ്കീർണ്ണതകളെ ലളിതവും മൂർച്ചയേറിയതുമായ ഭാഷയിലാണ് പകർത്തിവച്ചിരിക്കുന്നത്. വിശപ്പും അന്നവും തമ്മിലുള്ള ബന്ധം, ഒരു ദിവസത്തേക്ക് ദൈവമാകാൻ ആഗ്രഹിക്കുന്ന മനുഷ്യന്റെ അങ്കലാപ്പുകൾ, വിപ്ലവകാരിയുടെ ശരീരഘടനയിലൂടെയുള്ള ചിന്തകൾ, ആധുനിക മനുഷ്യന്റെ ഏകാന്തതയും ശൂന്യതയും എന്നിങ്ങനെ ഓരോ വരിയിലും ആഴമുള്ള ദർശനങ്ങൾ നിഴലിക്കുന്നു. പ്രണയത്തിന്റെ നനുത്ത സ്പർശവും, വ്യവസ്ഥിതികൾക്കെതിരെയുള്ള വിയോജിപ്പും ഒരേ സമയം പേറുന്ന ഈ രചന വായനക്കാരനിൽ വലിയൊരു കുറ്റബോധവും അതോടൊപ്പം ആത്മപരിശോധനയും ഉണർത്തുന്നു. മനുഷ്യത്വം നഷ്ടപ്പെടുന്നതിനെതിരെ ഉയർത്തുന്ന ശബ്ദം കൂടിയാണ് സമാഹാരം. പ്രാർത്ഥന പോലെയും പ്രക്ഷോഭം പോലെയും അനുഭവപ്പെടുന്ന വരികൾ ഓരോ വായനക്കാരന്റെയും ഉള്ളിലേക്ക് തട്ടിയിറങ്ങും. ഹൃദയത്തിൽ തട്ടുന്ന പ്രമേയങ്ങളും, ബിംബകല്പനകളുടെ സമ്പന്നതയും കൊണ്ട് മനസ്സിൽ നിലനിൽക്കുന്ന മികച്ചൊരു കാവ്യാനുഭവമാണ് പുസ്തകം.



പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്ലാറ്റിനം ജൂബിലി ദീപശിഖാ പ്രയാണം കോട്ടയം ദേവലോകം അരമനയിൽ നിന്നും കോളജിലേക്ക്.

പുതിയകാവ് പള്ളി പൗരാണീകരണം കേരള ക്രൈസ്തവസമൂഹത്തിന് മാതൃക

സഖറിയാ പെരുമ്പടവം

ഈ കഴിഞ്ഞ ദിവസങ്ങളിലായി നവീകരിക്കപ്പെട്ട് കൂദാശ ചെയ്ത മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സന്ദർശിക്കുവാൻ കഴിഞ്ഞത് ഏറെ സന്തോഷവും അഭിമാനവും നൽകുന്ന അനുഭവമായിരുന്നു. ആധുനിക സാങ്കേതിക വിദ്യകളുടെ ഔചിത്യ പൂർണ്ണമായ ഉപയോഗത്തിലൂടെ പഴമയുടെ സൗന്ദര്യത്തെയും ചരിത്ര ബോധത്തെയും ചരിത്രം ഉണർന്നിരിക്കുന്ന മാവേലിക്കരയുടെ മണ്ണിൽ വീണ്ടും പുനർജ്ജനിപ്പിച്ചിരിക്കുന്ന വിസ്മയമാണ് ഇന്ന് കാണുന്ന മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ.



സഹസ്രാബ്ദത്തിൽ അധികമായി പഴമയുടെ പൈതൃകം പേറുന്ന മാവേലിക്കര പുതിയകാവ് കത്തീഡ്രൽ പള്ളി അതിന്റെ ഉടുപ്പ് മാറ്റിയുടുത്തപ്പോൾ അത് ആഡംബരത്തിലേക്കും ആധുനികതയുടെ അമിതമോടിയിലേക്കും പോകുന്നതിനു പകരം പൗരാണികതയുടെ സൗന്ദര്യം പുരാതനമായ നസ്രാണി സമൂഹത്തിന്റെ ഭാരതീയ പൈതൃകപാരമ്പര്യം, പേർഷ്യൻ ബന്ധത്തിന്റെയും പോർച്ചുഗീസ് ബന്ധത്തിന്റെയും പ്രത്യക്ഷതകൾ,ഗോത്തിക് ശൈലി, അത്യുജ്ജ്വലമായ ഭാരതീയവാസ്തു ശാസ്ത്ര വിദ്യയുടെ വൈഭവം എന്നിവയെല്ലാം കോർത്തിണക്കിക്കൊണ്ട് ചാരുതയാർന്ന, വശ്യതയാർന്ന ഒരു ദേവാലയമായി രൂപാന്തരപ്പെട്ടിരിക്കുകയാണ്.

പള്ളികൾ പൊളിച്ചു പണിയുന്നതും നവീകരിക്കുന്നതും കാലഘട്ടത്തിന്റെ ആവശ്യമാണ്. കേവലമായ കോൺക്രീറ്റ് കെട്ടിടങ്ങളും ഓഡിറ്റോറിയങ്ങളും മുകളിൽ കുരിശുവച്ച് പണിത് അവ പള്ളി എന്ന് ചിന്തിക്കുന്ന സമീപനം ഇടക്കാലത്ത് കേരളത്തിലെ ക്രൈസ്തവ സമൂഹത്തെയും സാരമായി സ്വാധീനിച്ചിരുന്നു. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി പിന്നീട് ദേവാലയങ്ങൾ വാസ്തു ചാരുതയും കണ്ണിന് മിഴിവേകുന്ന രൂപഭംഗിയോടും പാശ്ചാത്യ-പൗരസ്ത്യ ദൈവാലയ നിർമ്മിതികളുടെ സ്വാധീനത്തോകൂടി നിർമ്മിക്കുന്ന ശീലം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ നിന്നെല്ലാം പ്രചോദനം ഉൾകൊണ്ട് നിലവിലുള്ള ദേവാലയത്തിന് യാതൊരു ഭംഗവും വരുത്താതെ ഏറ്റവും നൂതനമായ സാങ്കേതിവിദ്യകളുടെ സഹായത്തോടെ കൃത്യമായ, വ്യക്തമായ പ്ലാനിങ്ങോടുകൂടി പൗരാണികതയുടെ അർത്ഥതലങ്ങളെ സാംശീകരിച്ചുകൊണ്ട് ഓരോ മുക്കും മൂലയും കൃത്യമായി പഠിച്ച്, വിവരമുള്ള ആളുകളെ അതിന് ഉപയോഗിച്ചുകൊണ്ട് എങ്ങനെ ഒരു ദേവാലയത്തെ ഭംഗിയുള്ളതാക്കാം, മനോഹരമാക്കാം എന്നുള്ളതിന്റെ ഉദാഹരണമാണ് പുതിയകാവ് പള്ളി.

പള്ളികൾ നവീകരിക്കുവാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും സന്ദർശിക്കേണ്ട ഇടമായി ഈ പള്ളിയും മാറ്റപ്പെട്ടുകഴിഞ്ഞു. പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ ഭാരതീയ വാസ്തുവിദ്യയുടെ അഴകും ആഴവും ഈ ദേവാലയത്തിൽ നേരിട്ട് കണ്ട് അനുഭവിച്ചറിയാൻ സാധിക്കും എന്നതിൽ തർക്കമില്ല. കേവലം ഒരു സ്വിച്ച് ബോർഡിൽ തുടങ്ങി ഓരോ ഇഞ്ചോടിഞ്ചും മികവോടെ തന്നെയാണ് അവിടെ പണിതു വച്ചിരിക്കുന്നത്. പൗരസ്ത്യ ആരാധനയിൽ കാഴ്ചയിലൂടെ ലഭിക്കുന്നതായ ആസ്വാദനം, ഛായചിത്രങ്ങൾ, കൊത്തുപണികൾ വർണ്ണകോപ്പുകൾ ഇവയെല്ലാം വല്ലാണ്ട് ആരാധനയുമായി ചേർന്നിരിക്കുന്നവയാണ്. അവ ആരാധനയ്ക്കും മനുഷ്യന്റെ ശാന്തമായ ധ്യാനത്തിനും മനനത്തിനും ദേവാലയത്തിന്റെ അന്തരീക്ഷത്തെ വല്ലാണ്ട് ഉന്നതിയിലേക്ക് എത്തിക്കുവാൻ സാധിക്കുന്നതാണ്. ആ വിധത്തിൽ പുതിയകാവ് പള്ളിക്കുള്ളിലേക്ക് പ്രവേശിക്കുന്ന ഏവർക്കും അഭൗമികമായ ഒരു അന്തരീക്ഷം അവിടെ തീർച്ചയായും അനുഭവിക്കുവാൻ സാധിക്കും. സുപ്രസിദ്ധമായ മാവേലിക്കര പടിയോലയുടെ ചിത്രീകരണവും അതിന്റെ പ്രദർശനവും ഏറെ എടുത്ത് പറയേണ്ടതാണ്. ഏതെങ്കിലും ഒരു മുറിയിൽ ക്രമീകരിക്കപ്പെട്ട് പിന്നീട് ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന മ്യൂസിയവും ഗ്യാലറികളും പെരുകുന്ന കാലത്ത് പള്ളിയകത്ത് തന്നെ ഉചിതവും യുക്തവുമായ സ്ഥലം അതിനായി പ്രയോജനപ്പെടുത്തിയിരിക്കുന്നത് തികച്ചും മാതൃകാപരമാണ്.

നവീകരണം എന്നതിന് പകരം പൗരാണികരണം എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പഴയതും പുതിയതും ഒരുപോലെ കോർത്തിണക്കി പൗരാണീകരണം നടത്തി മികവുറ്റതാക്കുക എന്ന ശ്രമകരമായ ദൗത്യമാണ് പുതിയകാവ് കത്തീഡ്രൽ വിജയകരമായി പൂർത്തീകരിച്ചിരിക്കുന്നത്. കൂടാതെ കേവലം ഒരു കോഫി ടേബിൾ പുസ്തകമോ സ്മരണികയോ പുറത്തിറക്കി പിന്നീട് അത് തൂക്കി വിൽക്കേണ്ട അവസ്ഥയിലേക്ക് പോകുന്നതിനു പകരം കൃത്യമായ ദിശാബോധത്തോടെ പള്ളിയുടെ ചരിത്രവും ചരിതവും വരും തലമുറയ്ക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ ഈടുറ്റ ചരിത്ര ഗ്രന്ഥങ്ങൾ കൂടി പ്രസിദ്ധീകരിച്ച് ഭാവി തലമുറയെ കൂടി സുരക്ഷിതമാക്കുന്ന സുത്യർഹമായ ഉത്തരവാദിത്വം ഈ ഇടവക നിർവഹിച്ചിരിക്കുന്നത് ഏറെ അഭിമാനകരമാണ്. ആ ചരിത്ര രചനയിൽ പങ്കാളിയാവാൻ സാധിച്ചതിൽ ഞാനും വ്യക്തിപരമായി അഭിമാനിക്കുന്നു.

നൂറ്റാണ്ടുകളുടെ ചരിത്രം ഉണർന്നിരിക്കുന്ന പതിയകാവ് പള്ളി അതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ തീർത്തും ശ്ലാഘനീയമാണ്. ഇതിനുവേണ്ടി അധ്വാനിച്ച വന്ദ്യരായ വൈദികർ ഇടവക ജനങ്ങൾ നാട്ടുകാർ എല്ലാവരെയും ഒന്നുപോലെ അഭിനന്ദിക്കുന്നു. പള്ളിപണി കേവലം ഒരു കെട്ടിടം പണിയായി മാത്രം കണക്കാക്കാതെ അത് മനോഹരമായി, പക്വമായി നമ്മുടെ തന്നെ സങ്കേതങ്ങളെ ഉപയോഗപ്പെടുത്തികൊണ്ട് പണിയുമ്പോൾ തീർച്ചയായും അത് ഒരു അനുഭവമായിത്തന്നെ പരിണമിക്കും. ദേവാലയത്തിന്റെ ഭൗതികതയ്ക്ക് ഉന്നതി ഉണ്ടാകുന്നത് സ്വഭാവികമായി ആത്മീയമായിക്കൂടി പരിവർത്തനം ചെയ്യപ്പെടും. ചരിത്രത്തെയും പാരമ്പര്യത്തെയും സ്നേഹിക്കുന്ന കേരള ക്രൈസ്തവ സമൂഹത്തിന് പുതിയകാവ് പള്ളി തീർത്തും ഒരു മാതൃകയാണ്. ❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം എട്ടാം അധ്യായത്തിലെ 1 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്ന വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ സംഭവം ബൈബിളിലെ ഏറ്റവും ഹൃദയസ്പർശിയായ സംഭവങ്ങളിൽ ഒന്നാണ്. യേശുക്രിസ്തുവിന്റെ കരുണയും ക്ഷമയും നീതിയും ഈ സംഭവത്തിലൂടെ വ്യക്തമായി വെളിപ്പെടുന്നു. പാപം ചെയ്ത ഒരു സ്ത്രീയെ ശിക്ഷിക്കാനാണ് ശാസ്ത്രിമാരും പരീശന്മാരും യേശുവിന്റെ മുമ്പിലേക്ക് കൊണ്ടുവന്നത്. എന്നാൽ യേശു അവരുടെ കപടത വെളിപ്പെടുത്തുകയും സ്ത്രീയ്ക്ക് പുതിയ ജീവിതത്തിനുള്ള അവസരം നൽകുകയും ചെയ്തു.



വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ പേര് ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും, അവളുടെ ജീവിതം എല്ലാ കാലത്തുമുള്ള മനുഷ്യർക്കും പ്രത്യാശയുടെ സന്ദേശമാണ്. മനുഷ്യൻ എത്ര വലിയ പാപത്തിൽ വീണാലും ആത്മാർത്ഥമായ മാനസാന്തരത്തോടെ ദൈവസന്നിധിയിലേക്ക് വന്നാൽ അവന് പുതിയ ജീവിതം ലഭിക്കുമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു. യേശുവിന്റെ സ്നേഹവും കരുണയും അനുഭവിച്ച ഈ സ്ത്രീയുടെ ജീവിതം ഓരോ വിശ്വാസിക്കും മാതൃകയാണ്.

1. തെറ്റ് ചെയ്തെങ്കിലും മാനസാന്തരത്തിനുള്ള അവസരം ലഭിച്ച സ്ത്രീ

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ജീവിതത്തിലെ ആദ്യത്തെ പ്രധാന സവിശേഷത, അവൾ പാപത്തിൽ വീണെങ്കിലും ദൈവത്തിൽ നിന്ന് മാനസാന്തരത്തിനുള്ള അവസരം ലഭിച്ചവളായിരുന്നു എന്നതാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട അവളെ ശാസ്ത്രിമാരും പരീശന്മാരും യേശുക്രിസ്തുവിന്റെ മുമ്പിൽ കൊണ്ടുവന്നത് അവളെ രക്ഷിക്കാനോ തിരുത്താനോ വേണ്ടിയായിരുന്നില്ല. യേശുവിനെ പരീക്ഷിക്കുകയും കുറ്റപ്പെടുത്താൻ ഒരു കാരണം കണ്ടെത്തുകയും ചെയ്യുക എന്നതായിരുന്നു അവരുടെ യഥാർത്ഥ ഉദ്ദേശ്യം. അതുകൊണ്ടുതന്നെ അവർ സ്ത്രീയെ ഒരു വ്യക്തിയായി കണ്ടില്ല; തങ്ങളുടെ പദ്ധതിക്ക് ഉപയോഗിക്കാവുന്ന ഒരു ഉപകരണമായിട്ടാണ് അവളെ കണ്ടത്.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ പാപം എല്ലാവരുടെയും മുമ്പിൽ വെളിപ്പെട്ടു. സമൂഹത്തിന്റെ മുമ്പിൽ അവൾ അപമാനിതയായി നിൽക്കേണ്ടി വന്നു. തന്റെ തെറ്റിന്റെ പേരിൽ അവൾക്ക് തല ഉയർത്തി നിൽക്കാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നു. ജീവൻ നഷ്ടപ്പെടുമെന്ന ഭയവും ജനങ്ങളുടെ കുറ്റപ്പെടുത്തലും അവളെ വല്ലാതെ തളർത്തിയിരിക്കാം. ആ നിമിഷം അവളുടെ ജീവിതം അവസാനിച്ചുവെന്ന ചിന്ത പോലും അവളുടെ മനസ്സിലൂടെ കടന്നുപോയിരിക്കാം. എന്നാൽ മനുഷ്യർ അവളുടെ ജീവിതത്തിന് അവസാനം കുറിക്കാൻ തയ്യാറായപ്പോൾ, ദൈവം അവൾക്ക് ഒരു പുതിയ തുടക്കം ഒരുക്കുകയായിരുന്നു.

മോശെയുടെ ന്യായപ്രമാണം ചൂണ്ടിക്കാട്ടി അവളെ കല്ലെറിഞ്ഞുകൊല്ലണമെന്ന് ശാസ്ത്രിമാരും പരീശന്മാരും ആവശ്യപ്പെട്ടു. എന്നാൽ യേശു നിയമത്തിന്റെ അക്ഷരത്തെ മാത്രം നോക്കിയില്ല; നിയമത്തിന്റെ ആത്മാവിനെയും ദൈവത്തിന്റെ കരുണയെയും വെളിപ്പെടുത്തി. 'നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ല് എറിയട്ടെ' എന്ന യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ കുറ്റാരോപകർ സ്വന്തം ജീവിതത്തിലേക്ക് നോക്കാൻ നിർബന്ധിതരായി. മറ്റൊരാളുടെ പാപം ചൂണ്ടിക്കാണിക്കുന്നതിന് മുമ്പ് സ്വന്തം പാപം തിരിച്ചറിയേണ്ടതിന്റെ ആവശ്യകത യേശു അവരെ പഠിപ്പിച്ചു. അതോടെ ഒരുവൻപോലും അവളെ ശിക്ഷിക്കാൻ ധൈര്യപ്പെട്ടില്ല.

യേശു സ്ത്രീയുടെ തെറ്റിനെ ഒരിക്കലും ന്യായീകരിച്ചില്ല. പാപം പാപമാണെന്നും അതിന് പരിഹാരം ആവശ്യമാണെന്നും അവിടുന്ന് വ്യക്തമാക്കി. എന്നാൽ പാപം ചെയ്ത മനുഷ്യന് വീണ്ടും ഉയർന്നുവരാനുള്ള അവസരം നിഷേധിക്കുകയും ചെയ്തില്ല. ദൈവത്തിന്റെ നീതിയും കരുണയും ഒരുപോലെ പ്രകടമാകുന്ന മനോഹരമായ സന്ദർഭമാണിത്. ദൈവം പാപത്തെ വെറുക്കുന്നു, എന്നാൽ പാപിയെ സ്നേഹിക്കുകയും അവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്ന സത്യം ഈ സംഭവത്തിലൂടെ വ്യക്തമായി കാണാം.

മാനസാന്തരം എന്നത് തെറ്റ് സമ്മതിക്കുക മാത്രമല്ല; തെറ്റായ ജീവിതത്തിൽ നിന്ന് ദൈവത്തിലേക്ക് തിരിഞ്ഞുവരികയും പുതിയ ജീവിതം ആരംഭിക്കുകയും ചെയ്യുക എന്നതാണ്. ഈ സ്ത്രീക്ക് അത്തരമൊരു അവസരമാണ് യേശു നൽകിയത്. ഭൂതകാലത്തിന്റെ ചങ്ങലകളിൽ ബന്ധിക്കപ്പെടാതെ ഭാവിയിലേക്ക് പ്രത്യാശയോടെ നടക്കാൻ അവൾക്ക് വഴി തുറന്നുകൊടുത്തു. അതിലൂടെ ദൈവം ഓരോ മനുഷ്യനെയും അവരുടെ ഭൂതകാലമല്ല, അവർ മാറ്റാൻ തയ്യാറാകുന്ന മനസ്സാണ് വിലയിരുത്തുന്നതെന്ന് നാം മനസ്സിലാക്കുന്നു.

ഇന്നത്തെ ലോകത്തും അനേകം ആളുകളെ തെറ്റുകൾ ചെയ്തതിന്റെ പേരിൽ സമൂഹം ഒറ്റപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുന്നു. ചിലർ സ്വന്തം തെറ്റുകളെ ഓർത്ത് നിരാശയിലും കുറ്റബോധത്തിലും ജീവിക്കുന്നു. എന്നാൽ ഈ സ്ത്രീയുടെ ജീവിതം അവർക്ക് വലിയ പ്രത്യാശ നൽകുന്നു. ആത്മാർത്ഥമായി ദൈവസന്നിധിയിലേക്ക് മടങ്ങിവരുന്നവരെ യേശുക്രിസ്തു ഒരിക്കലും തള്ളിക്കളയുന്നില്ല. അവൻ പാപം ക്ഷമിക്കുകയും ജീവിതം പുതുക്കുകയും ചെയ്യുന്നു. മനുഷ്യർ വിധിയെഴുതുന്നിടത്ത് ദൈവം പ്രത്യാശ നൽകുന്നു; മനുഷ്യർ വാതിലുകൾ അടയ്ക്കുന്നിടത്ത് ദൈവം പുതിയ വഴികൾ തുറക്കുന്നു.

അതിനാൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഈ സ്ത്രീ, തെറ്റുകൾ സംഭവിച്ചാലും ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച് മാനസാന്തരപ്പെടുകയും പുതിയ ജീവിതം ആരംഭിക്കുകയും ചെയ്യാൻ കഴിയുമെന്ന് നമ്മെ പഠിപ്പിക്കുന്ന ഉത്തമ മാതൃകയാണ്. പാപത്തിൽ തുടരാതെ, ദൈവത്തിലേക്ക് മടങ്ങിവന്ന് അവിടുത്തെ കൃപയാൽ പുതുക്കപ്പെട്ട ജീവിതം നയിക്കുവിൻ എന്ന് അവളുടെ ജീവിതം ഓരോ വിശ്വാസിയേയും ആഹ്വാനം ചെയ്യുന്നു.

2. യേശുവിന്റെ കരുണയും ക്ഷമയും അനുഭവിച്ച സ്ത്രീ

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം യേശുക്രിസ്തുവിന്റെ കരുണയും ക്ഷമയും നേരിട്ട് അനുഭവിക്കാനായതാണ്. അവളെ ചുറ്റിനിന്നവർ അവളുടെ കുറ്റം മാത്രമാണ് കണ്ടത്. അവർ അവളെ ഒരു മനുഷ്യനായി കണ്ടില്ല; ഒരു കുറ്റവാളിയായി മാത്രമാണ് കണ്ടത്. അവളുടെ തെറ്റിന്റെ പേരിൽ അവളെ സമൂഹത്തിന്റെ മുമ്പിൽ അപമാനിക്കുവാനും കല്ലെറിഞ്ഞുകൊല്ലുവാനും തയ്യാറായി. അവളുടെ ജീവിതത്തിൽ ഇനി പ്രത്യാശയ്ക്ക് സ്ഥാനമില്ലെന്ന് എല്ലാവരും കരുതിയപ്പോൾ, യേശുക്രിസ്തു അവളുടെ ജീവിതത്തിൽ കരുണയുടെ പുതിയ വാതിൽ തുറന്നു.

ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ ന്യായപ്രമാണത്തെ ചൂണ്ടിക്കാട്ടി, 'ഇങ്ങനെയുള്ളവരെ കല്ലെറിയേണം എന്ന് മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോട് കല്പിച്ചിരിക്കുന്നു. നീ ഇവളേക്കുറിച്ച് എന്തു പറയുന്നു.?' എന്ന് യേശുവിനോട് ചോദിച്ചു. യേശുവിനെ കുടുക്കാൻ വേണ്ടിയുള്ള ഒരു ചോദ്യമായിരുന്നു അത്. നിയമത്തിന്റെയും കരുണയുടെയും ഇടയിൽ യേശുവിനെ പ്രതിസന്ധിയിലാക്കാമെന്നാണ് അവർ കരുതിയത്. എന്നാൽ യേശുവിന്റെ മറുപടി അവരുടെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു.

യേശു ഉടനെ മറുപടി പറയാതെ നിലത്ത് വിരലുകൊണ്ട് എഴുതാൻ തുടങ്ങി. പിന്നീട് അവിടുന്ന് ശാന്തമായി പറഞ്ഞു: 'നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ല് എറിയട്ടെ.' ഈ ഒരൊറ്റ വാക്ക് കേട്ടപ്പോൾ അവിടെ കൂടിനിന്ന എല്ലാവരുടെയും മനസ്സാക്ഷി ഉണർന്നു. സ്ത്രീയുടെ പാപത്തെക്കുറിച്ച് മാത്രം സംസാരിച്ചവർ സ്വന്തം ജീവിതത്തിലും പാപമുണ്ടെന്ന് തിരിച്ചറിഞ്ഞു. മൂപ്പന്മാർ മുതൽ ഇളയവർ വരെ ഓരോരുത്തരായി അവിടെ നിന്ന് പിന്മാറി. മറ്റൊരാളെ വിധിക്കാൻ വന്നവർ സ്വന്തം കുറ്റബോധത്താൽ നിശ്ശബ്ദരായി മടങ്ങിപ്പോയി.

ഈ സംഭവത്തിലൂടെ യേശു ഒരു വലിയ ആത്മീയ സത്യം പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിന് മുമ്പ് സ്വന്തം ജീവിതം പരിശോധിക്കണം. മനുഷ്യർ പുറമേ കാണുന്നതിനെ അടിസ്ഥാനമാക്കി വിധിക്കുന്നു; എന്നാൽ ദൈവം ഹൃദയത്തെ നോക്കുന്നു. മറ്റുള്ളവരുടെ വീഴ്ചകളിൽ സന്തോഷിക്കുകയോ അവരെ അപമാനിക്കുകയോ ചെയ്യാതെ, അവരെ കരുണയോടും സ്നേഹത്തോടും കൂടി സമീപിക്കണമെന്ന് യേശു തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ചു.

കുറ്റാരോപകർ എല്ലാവരും പോയതിനുശേഷം യേശുവും ആ സ്ത്രീയും മാത്രം അവിടെ അവശേഷിച്ചു. അപ്പോൾ യേശു അവളോട് ചോദിച്ചു: 'സ്ത്രീയേ, അവർ എവിടെ? നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ?' അവൾ വിനയത്തോടെ മറുപടി പറഞ്ഞു: 'ഇല്ല, കർത്താവേ.' അതിന് യേശു പറഞ്ഞു: 'ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല.' ഈ വാക്കുകൾ അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആശ്വാസമായി മാറി. മരണഭയത്തിൽ വിറച്ചുനിന്ന അവൾക്ക് ജീവിക്കാനുള്ള പുതിയ പ്രത്യാശ ഈ വാക്കുകളിലൂടെ ലഭിച്ചു.

യേശുവിന്റെ ക്ഷമ വെറും ശിക്ഷയിൽ നിന്നുള്ള മോചനമായിരുന്നില്ല. അത് അവളുടെ വ്യക്തിത്വത്തെ പുനഃസ്ഥാപിക്കുന്ന അനുഗ്രഹമായിരുന്നു. സമൂഹം അവളെ അപമാനിച്ചപ്പോൾ യേശു അവൾക്ക് മാന്യത നൽകി. എല്ലാവരും അവളെ തള്ളിക്കളഞ്ഞപ്പോൾ യേശു അവളെ സ്വീകരിച്ചു. എല്ലാവരും അവളുടെ ഭൂതകാലം മാത്രം കണ്ടപ്പോൾ യേശു അവളുടെ ഭാവി കണ്ടു. അതാണ് ദൈവത്തിന്റെ കരുണയുടെ പ്രത്യേകത. മനുഷ്യർ ഒരാളെ അവന്റെ തെറ്റുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ, ദൈവം അവന്റെ മാറ്റത്തിനുള്ള സാധ്യതയെ കാണുന്നു.

ഈ സംഭവം ദൈവത്തിന്റെ ക്ഷമയുടെ ആഴം വെളിപ്പെടുത്തുന്നു. ദൈവം പാപത്തെ അംഗീകരിക്കുന്നില്ല; എന്നാൽ പാപിയെ സ്നേഹിക്കുകയും അവനെ രക്ഷിക്കുകയും ചെയ്യുന്നു. യേശുവിന്റെ കുരിശിലെ ബലിയർപ്പണവും ഈ പൂർണ്ണ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്. ലോകത്തിന്റെ പാപങ്ങൾ ചുമന്ന യേശു, ഓരോ പാപിക്കും ക്ഷമയുടെ വാതിൽ തുറന്നുകൊടുത്തു. ഈ സ്ത്രീയുടെ അനുഭവം ആ മഹത്തായ രക്ഷാപദ്ധതിയുടെ ഒരു മുൻകുറിയാണ്.

ഇന്നത്തെ സമൂഹത്തിലും തെറ്റുകൾ ചെയ്തവരെ പലപ്പോഴും ജീവിതകാലം മുഴുവൻ കുറ്റവാളികളായി മുദ്രകുത്താറുണ്ട്. എന്നാൽ ക്രിസ്തുവിന്റെ സമീപനം വ്യത്യസ്തമാണ്. തെറ്റ് ചെയ്തവരെ തള്ളിക്കളയാതെ അവരെ സ്നേഹത്തോടും കരുണയോടും കൂടി മാറ്റത്തിലേക്ക് നയിക്കുകയാണ് അവിടുന്ന് ചെയ്യുന്നത്. അതുകൊണ്ട് ഓരോ ക്രൈസ്തവനും മറ്റുള്ളവരെ വിധിക്കുന്ന മനോഭാവം ഉപേക്ഷിച്ച് യേശുവിന്റെ കരുണയും ക്ഷമയും ജീവിതത്തിൽ അനുകരിക്കണം.

അതോടൊപ്പം, ഈ സംഭവം നമ്മെ ആത്മപരിശോധനയിലേക്കും നയിക്കുന്നു. മറ്റുള്ളവരുടെ കുറ്റങ്ങൾ അന്വേഷിക്കുന്നതിനേക്കാൾ സ്വന്തം ജീവിതം ദൈവസന്നിധിയിൽ പരിശോധിക്കുകയും, ദൈവത്തിന്റെ ക്ഷമ തേടുകയും, മറ്റുള്ളവരോട് ക്ഷമിക്കുന്ന മനോഭാവം വളർത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഇത് ഓർമ്മിപ്പിക്കുന്നു. യേശു നമ്മെ ക്ഷമിച്ചതുപോലെ നാമും മറ്റുള്ളവരോട് ക്ഷമിക്കുകയും കരുണ കാണിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം പ്രകടമാകുന്നത്.

അതിനാൽ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഈ സ്ത്രീ യേശുവിന്റെ അതിരില്ലാത്ത കരുണയും അളവറ്റ ക്ഷമയും അനുഭവിച്ചവൾ എന്ന നിലയിൽ ബൈബിളിൽ എന്നും ഓർമ്മിക്കപ്പെടുന്നു. അവളുടെ ജീവിതം, ദൈവത്തിന്റെ കരുണ ഒരു മനുഷ്യന്റെ ഭൂതകാലത്തെ മായ്ച്ച് പ്രത്യാശ നിറഞ്ഞ ഭാവിയിലേക്ക് അവനെ നയിക്കുമെന്ന് പ്രഖ്യാപിക്കുന്ന ശക്തമായ സാക്ഷ്യമാണ്.

3. പുതിയ ജീവിതത്തിലേക്ക് വിളിക്കപ്പെട്ട സ്ത്രീ

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത, അവൾ പുതിയ ജീവിതത്തിലേക്ക് വിളിക്കപ്പെട്ടവളായിരുന്നു എന്നതാണ്. യേശുക്രിസ്തു അവളോട് ക്ഷമിച്ചതോടെ അവളുടെ ജീവിതം അവസാനിച്ചില്ല; മറിച്ച് അവിടെ നിന്നാണ് ഒരു പുതിയ തുടക്കം ആരംഭിച്ചത്. ദൈവത്തിന്റെ ക്ഷമ ഒരിക്കലും പഴയ ജീവിതത്തിൽ തുടരാനുള്ള അനുവാദമല്ല; മറിച്ച് വിശുദ്ധിയും സത്യവും നിറഞ്ഞ പുതിയ ജീവിതത്തിലേക്കുള്ള ക്ഷണമാണ്. അതുകൊണ്ടാണ് യേശു അവളോട്, 'പോക; ഇനി പാപം ചെയ്യരുത്' എന്ന് പറഞ്ഞത്. ഈ വാക്കുകളിൽ കരുണയും ക്ഷമയും മാത്രമല്ല, ഒരു പുതിയ ജീവിതത്തിനുള്ള ദൈവവിളിയും അടങ്ങിയിരിക്കുന്നു.

യേശു അവളുടെ ഭൂതകാലത്തെക്കുറിച്ച് വീണ്ടും ചോദ്യം ചെയ്തില്ല. അവൾ ചെയ്ത പാപങ്ങൾ എണ്ണിപ്പറഞ്ഞ് അവളെ കൂടുതൽ അപമാനിച്ചില്ല. പകരം, അവളുടെ ഭാവിയിലേക്കാണ് അവിടുന്ന് ശ്രദ്ധ തിരിച്ചത്. ഭൂതകാലത്തിന്റെ ബന്ധനങ്ങളിൽ നിന്ന് അവളെ മോചിപ്പിച്ച്, പ്രത്യാശയും വിശുദ്ധിയും നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നയിക്കുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. ഒരു മനുഷ്യന്റെ ജീവിതത്തെ മാറ്റിമറിക്കാൻ ദൈവകൃപയ്ക്ക് കഴിയുമെന്ന് ഈ സംഭവം വ്യക്തമായി കാണിച്ചുതരുന്നു.

'ഇനി പാപം ചെയ്യരുത്' എന്ന യേശുവിന്റെ ആഹ്വാനം വെറും ഒരു ഉപദേശമല്ല; ജീവിതത്തെ പൂർണമായി മാറ്റിമറിക്കാനുള്ള ദൈവിക ക്ഷണമാണ്. മാനസാന്തരം എന്നത് പാപം ഏറ്റുപറയുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. പഴയ തെറ്റുകൾ ഉപേക്ഷിച്ച് ദൈവഹിതപ്രകാരം ജീവിക്കാൻ ഉറച്ച തീരുമാനം എടുക്കുന്നതാണ് യഥാർത്ഥ മാനസാന്തരം. ഈ സ്ത്രീ ദൈവവിളി സ്വീകരിച്ച് പുതിയ ജീവിതം ആരംഭിച്ചുവെന്നത് അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹമായിരുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം ക്ഷമയിൽ ആരംഭിച്ചാലും അത് അവിടെ അവസാനിക്കുന്നില്ല. ക്ഷമ ലഭിച്ച മനുഷ്യൻ ആത്മീയ വളർച്ചയിലേക്കും വിശുദ്ധിയിലേക്കും മുന്നേറണം. ഓരോ ദിവസവും ദൈവവചനത്തിനനുസരിച്ച് ജീവിക്കുകയും, പ്രാർത്ഥനയിലും സ്നേഹത്തിലും വിശ്വാസത്തിലും വളരുകയും ചെയ്യേണ്ടത് ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്വമാണ്. ഈ സ്ത്രീയുടെ ജീവിതം അത്തരമൊരു ആത്മീയ വളർച്ചയുടെ ആവശ്യകത നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ സംഭവത്തിൽ യേശു പാപത്തെ നിസ്സാരമായി കണ്ടില്ല. പാപത്തിൽ നിന്ന് മോചനം നൽകി അതിൽ നിന്ന് അകന്നു ജീവിക്കാൻ അവളെ ആഹ്വാനം ചെയ്തു. ഇതിലൂടെ ദൈവം മനുഷ്യനെ പാപത്തിൽ നിന്ന് വിടുവിക്കുക മാത്രമല്ല, പാപത്തിന്മേൽ വിജയം നേടാനുള്ള ശക്തിയും നൽകുന്നുവെന്ന് നാം മനസ്സിലാക്കുന്നു. ദൈവകൃപ മനുഷ്യന്റെ സ്വഭാവത്തെയും ചിന്തകളെയും ജീവിതരീതിയെയും മാറ്റുന്ന ശക്തിയാണ്. ഒരിക്കൽ പാപത്തിന്റെ വഴിയിൽ നടന്ന ഒരാൾക്ക് ദൈവത്തിന്റെ സഹായത്തോടെ നീതിയുടെ വഴിയിൽ നടക്കാൻ കഴിയും എന്ന പ്രത്യാശയാണ് ഈ സ്ത്രീയുടെ ജീവിതം നമുക്ക് നൽകുന്നത്.

പുതിയ ജീവിതം സ്വീകരിക്കുന്നവർക്ക് പല വെല്ലുവിളികളും

നേരിടേണ്ടിവരും. പഴയ ഓർമ്മകളും പഴയ ശീലങ്ങളും ചിലപ്പോൾ അവരെ പിന്നോട്ട് വലിച്ചേക്കാം. എന്നാൽ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് മുന്നോട്ട് പോകുന്നവർക്ക് വിജയിക്കാനാകും. യേശു നൽകിയ ക്ഷമ അവൾക്ക് ആത്മ വിശ്വാസവും പ്രത്യാശയും നൽകി. ഇനി അവൾ തന്റെ ഭൂതകാലത്തിന്റെ തടവുകാരിയല്ല; ദൈവത്തിന്റെ കരുണയാൽ പുതുക്കപ്പെട്ട ഒരു ജീവിതത്തിന്റെ ഉടമയാണ്.

ഇന്നത്തെ ലോകത്തും അനേകം ആളുകൾ സ്വന്തം പഴയ തെറ്റുകളുടെ ഓർമ്മകളിൽ ജീവിക്കുന്നു. 'എനിക്ക് ഇനി മാറ്റം വരില്ല' എന്ന നിരാശ പലരുടെയും മനസ്സിൽ ഉണ്ട്. എന്നാൽ ഈ സ്ത്രീയുടെ ജീവിതം അത്തരം ചിന്തകളെ തിരുത്തുന്നു. യേശുവിനെ ആത്മാർത്ഥമായി സ്വീകരിക്കുന്നവർക്ക് പുതിയ ജീവിതം സാധ്യമാണ്. പഴയ മനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനായി ജീവിക്കാൻ ദൈവം ഓരോരുത്തരെയും വിളിക്കുന്നു.

ഈ സംഭവം ഇന്നത്തെ വിശ്വാസികൾക്കും വലിയ ആത്മീയപാഠമാണ്. ക്ഷമ ലഭിച്ചതുകൊണ്ട് പാപത്തിൽ തുടരരുത്. ദൈവത്തിന്റെ സ്നേഹത്തിന് നന്ദിയുള്ള ജീവിതം നയിക്കണം. സത്യം, വിശുദ്ധി, വിനയം, സ്നേഹം, കരുണ, നീതി എന്നിവ ജീവിതത്തിൽ വളർത്തിയെടുക്കണം. കുടുംബത്തിലും സമൂഹത്തിലും സഭയിലും ക്രിസ്തുവിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന ജീവിതമാണ് യഥാർത്ഥ ക്രൈസ്തവ ജീവിതം.

അതോടൊപ്പം, പുതിയ ജീവിതം ആരംഭിക്കുന്നവർ മറ്റുള്ളവർക്കും പ്രത്യാശയുടെ സാക്ഷികളാകണം. ദൈവം സ്വന്തം ജീവിതത്തിൽ വരുത്തിയ മാറ്റം മറ്റുള്ളവരുമായി പങ്കുവെച്ച് അവരെയും ദൈവസന്നിധിയിലേക്ക് നയിക്കാൻ ശ്രമിക്കണം. ദൈവകൃപയാൽ മാറിയ ഒരു ജീവിതം അനേകരെ ദൈവത്തിലേക്ക് ആകർഷിക്കുന്ന ശക്തമായ സാക്ഷ്യമായി മാറുന്നു.

അതിനാൽ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഈ സ്ത്രീ പുതിയ ജീവിതത്തിലേക്ക് വിളിക്കപ്പെട്ട സ്ത്രീ എന്ന നിലയിൽ എല്ലാ വിശ്വാസികൾക്കും മാതൃകയാണ്. ദൈവത്തിന്റെ ക്ഷമ ഭൂതകാലത്തെ മായ്ച്ചുകളയുകയും, ദൈവത്തിന്റെ കൃപ വർത്തമാനകാലത്തെ പുതുക്കുകയും, ദൈവത്തിന്റെ വിളി പ്രത്യാശ നിറഞ്ഞ ഭാവിയിലേക്ക് നയിക്കുകയും ചെയ്യുന്നു എന്ന സത്യം അവളുടെ ജീവിതം വ്യക്തമായി വെളിപ്പെടുത്തുന്നു. അവളുടെ അനുഭവം ഓരോ വിശ്വാസിയെയും പാപം ഉപേക്ഷിച്ച് വിശുദ്ധിയുടെയും ദൈവഹിതത്തിന്റെയും വഴിയിൽ ഉറച്ചുനിൽക്കാൻ പ്രചോദിപ്പിക്കുന്നു.

4. എല്ലാ മനുഷ്യർക്കും പ്രത്യാശയും ആത്മീയപാഠവും നൽകുന്ന സ്ത്രീ

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ജീവിതം ഒരു വ്യക്തിയുടെ അനുഭവം മാത്രമല്ല; എല്ലാ കാലഘട്ടങ്ങളിലെയും എല്ലാ മനുഷ്യരെയും സ്പർശിക്കുന്ന ദൈവസന്ദേശമാണ്. അവളുടെ ജീവിതത്തിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ കരുണയും ക്ഷമയും ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് പ്രത്യാശയുടെ ഉറവിടമായി മാറിയിരിക്കുന്നു. പാപത്തിൽ വീണ മനുഷ്യന് ദൈവകൃപയാൽ മാറി പുതിയ ജീവിതം ആരംഭിക്കാമെന്ന മഹത്തായ സത്യം ഈ സംഭവം വ്യക്തമാക്കുന്നു.

ഈ സ്ത്രീയുടെ ജീവിതം സമൂഹം തള്ളിക്കളഞ്ഞവർക്കും അവഗണിക്കപ്പെട്ടവർക്കും കുറ്റബോധത്തിൽ കഴിയുന്നവർക്കും വലിയ ആശ്വാസമാണ്. അവളെ എല്ലാവരുടെയും മുമ്പിൽ കൊണ്ടുവന്നപ്പോൾ അവൾക്ക് ഒരു കുറ്റവാളിയുടെ സ്ഥാനമായിരുന്നു ലഭിച്ചത്. അവളെ രക്ഷിക്കാൻ ആരും മുന്നോട്ടുവന്നില്ല. എന്നാൽ എല്ലാവരും കൈവിട്ട ആ നിമിഷത്തിൽ യേശുക്രിസ്തു അവളുടെ അടുക്കൽ വന്നു. മനുഷ്യർ വിധിയെഴുതിയിടത്ത് ദൈവം കരുണ പ്രകടിപ്പിച്ചു. മനുഷ്യർ ശിക്ഷ ആവശ്യപ്പെട്ടിടത്ത് ദൈവം രക്ഷയുടെ വഴി തുറന്നു. അതുകൊണ്ട്, സമൂഹം ഉപേക്ഷിച്ചവരെയും യേശു ഒരിക്കലും ഉപേക്ഷിക്കുന്നില്ലെന്ന വലിയ പ്രത്യാശ ഈ സ്ത്രീയുടെ ജീവിതം നൽകുന്നു.

ഇന്നത്തെ ലോകത്തും അനേകം ആളുകൾ സ്വന്തം തെറ്റുകളുടെയും വീഴ്ചകളുടെയും പേരിൽ ഒറ്റപ്പെടുകയും നിരാശപ്പെടുകയും ചെയ്യുന്നു. ചിലരെ സമൂഹം കുറ്റവാളികളായി മുദ്രകുത്തുന്നു. ചിലർ സ്വന്തം മനസ്സാക്ഷിയുടെ മുമ്പിൽ തന്നെ കുറ്റക്കാരായി ജീവിക്കുന്നു. അത്തരത്തിലുള്ള എല്ലാവർക്കും ഈ സ്ത്രീയുടെ അനുഭവം പ്രത്യാശയുടെ സന്ദേശമാണ്. യേശുക്രിസ്തുവിന്റെ സന്നിധിയിൽ എത്തുന്നവർക്ക് ക്ഷമയും സമാധാനവും ആത്മീയ നവീകരണവും ലഭിക്കും. ദൈവത്തിന്റെ കരുണ ഒരു മനുഷ്യന്റെ ഭൂതകാലത്തെക്കാൾ വലുതാണെന്നും അവിടുത്തെ സ്നേഹം ഒരു പാപിയെയും തള്ളിക്കളയുന്നില്ലെന്നും ഈ സംഭവം വ്യക്തമാക്കുന്നു.

ഈ സ്ത്രീയുടെ അനുഭവം സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട ആത്മീയ പാഠങ്ങൾ നൽകുന്നു. തെറ്റ് ചെയ്തവരെ വെറുക്കുകയോ അവഹേളിക്കുകയോ അകറ്റിനിർത്തുകയോ ചെയ്യുന്നതല്ല ക്രിസ്തീയ മനോഭാവം. പകരം, അവരെ സ്നേഹത്തോടും കരുണയോടും കൂടി ദൈവത്തിലേക്ക് നയിക്കുകയാണ് ക്രിസ്തുവിന്റെ മാതൃക. യേശു ചെയ്തതുപോലെ തെറ്റുകാരനെ തിരുത്തുകയും അവന് പുതിയ ജീവിതത്തിലേക്കുള്ള പ്രത്യാശ നൽകുകയും ചെയ്യേണ്ട ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്. സഭ രോഗികൾക്കുള്ള ചികിത്സാലയമാണെന്നതുപോലെ, പാപികളായ മനുഷ്യരെ ദൈവസ്നേഹത്തിലൂടെ നവീകരിക്കുന്ന ആത്മീയ ഭവനവുമാണ്.

ഈ സംഭവം ആത്മപരിശോധനയ്ക്കുള്ള ശക്തമായ ഒരു ആഹ്വാനവുമാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കുറ്റപ്പെടുത്താൻ തയ്യാറായി നിന്നവരോട് യേശു, 'നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ല് എറിയട്ടെ' എന്ന് പറഞ്ഞപ്പോൾ, അവർക്ക് സ്വന്തം ജീവിതം പരിശോധിക്കേണ്ടി വന്നു. അതുപോലെ, മറ്റുള്ളവരുടെ ജീവിതത്തെ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്നതിന് മുമ്പ് ഓരോരുത്തരും സ്വന്തം ഹൃദയം ദൈവസന്നിധിയിൽ പരിശോധിക്കണം. മറ്റുള്ളവരുടെ കണ്ണിലെ കരട് മാത്രം കാണാതെ സ്വന്തം കണ്ണിലെ കോൽ തിരിച്ചറിയാൻ നാം പഠിക്കണം. വിനയവും ആത്മപരിശോധനയും ഇല്ലാത്ത വിശ്വാസജീവിതം യഥാർത്ഥ ക്രൈസ്തവ ജീവിതമല്ല.

ഈ സ്ത്രീയുടെ ജീവിതം ക്ഷമയുടെ പ്രാധാന്യവും നമ്മെ പഠിപ്പിക്കുന്നു. യേശു അവളോട് ക്ഷമിച്ചതുപോലെ നാമും മറ്റുള്ളവരോട് ക്ഷമിക്കാൻ തയ്യാറാകണം. ക്ഷമിക്കുന്നത് ബലഹീനതയുടെ അടയാളമല്ല; അത് ദൈവസ്നേഹത്തിന്റെ പ്രകടനമാണ്. ക്ഷമിക്കാൻ പഠിക്കുന്ന വ്യക്തിക്കും കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും സമാധാനവും ഐക്യവും വളരും. അതിനാൽ ഈ സ്ത്രീയുടെ അനുഭവം വ്യക്തിപരമായ ആത്മീയജീവിതത്തെയും സാമൂഹിക ജീവിതത്തെയും ഒരുപോലെ സ്വാധീനിക്കുന്ന ഒരു മഹത്തായ സന്ദേശമാണ്.

ഈ സംഭവത്തിലൂടെ മറ്റൊരു പ്രധാന സത്യം കൂടി വെളിപ്പെടുന്നു. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും പാപികളാണ്. സ്വന്തം പ്രവൃത്തികളാൽ ആരും നീതിമാന്മാരാകുന്നില്ല. ദൈവത്തിന്റെ കൃപയും കരുണയും കൊണ്ടുമാത്രമാണ് മനുഷ്യൻ രക്ഷ പ്രാപിക്കുന്നത്. അതുകൊണ്ട് മറ്റുള്ളവരെ നിന്ദിക്കുകയോ സ്വയം നീതിമാനാണെന്ന് അഭിമാനിക്കുകയോ ചെയ്യാതെ, ദൈവകൃപയിൽ ആശ്രയിച്ച് വിനയത്തോടെ ജീവിക്കണമെന്ന് ഈ സ്ത്രീയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ സ്ത്രീയുടെ അനുഭവം ഇന്നത്തെ യുവജനങ്ങൾക്കും കുടുംബങ്ങൾക്കും വിശ്വാസസമൂഹത്തിനും ഒരുപോലെ പ്രസക്തമാണ്. തെറ്റുകൾ സംഭവിച്ചാൽ നിരാശപ്പെടുകയോ ജീവിതം അവസാനിച്ചതായി കരുതുകയോ ചെയ്യരുത്. ദൈവത്തിന്റെ സന്നിധിയിൽ എപ്പോഴും ഒരു പുതിയ തുടക്കത്തിനുള്ള അവസരമുണ്ട്. മാനസാന്തരത്തോടെയും വിശ്വാസത്തോടെയും യേശുവിന്റെ അടുക്കൽ വരുന്നവർക്ക് അവിടുന്ന് പ്രത്യാശയും സമാധാനവും പുതിയ ലക്ഷ്യബോധവും നൽകുന്നു. അതിനാൽ ഈ സംഭവം കാലാതീതമായ ഒരു ആത്മീയസന്ദേശമായി ഇന്നും ഓരോ വിശ്വാസിയുടെയും ഹൃദയത്തെ സ്പർശിക്കുന്നു.

അതിനാൽ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഈ സ്ത്രീ എല്ലാ മനുഷ്യർക്കും പ്രത്യാശയും ആത്മീയ പാഠവും നൽകുന്ന സ്ത്രീ എന്ന നിലയിൽ ബൈബിളിൽ അനശ്വരമായ മാതൃകയാണ്. പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കും, നിരാശയിൽ നിന്ന് പ്രത്യാശയിലേക്കും, കുറ്റബോധത്തിൽ നിന്ന് സമാധാനത്തിലേക്കും, അപമാനത്തിൽ നിന്ന് മാന്യതയിലേക്കും, മരണഭയത്തിൽ നിന്ന് പുതിയ ജീവിതത്തിലേക്കും ദൈവം ഒരു മനുഷ്യനെ നയിക്കാൻ കഴിവുള്ളവനാണെന്ന് അവളുടെ ജീവിതം ശക്തമായി സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട് അവളുടെ ജീവിതം എല്ലാ കാലത്തും വിശ്വാസികളെ മാനസാന്തരത്തിലേക്കും ദൈവകൃപയിൽ ആശ്രയിച്ചുള്ള വിശുദ്ധജീവിതത്തിലേക്കും നയിക്കുന്ന പ്രചോദനമായി നിലനിൽക്കുന്നു.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ജീവിതം ദൈവത്തിന്റെ അതിരില്ലാത്ത കരുണയുടെയും അളവറ്റ ക്ഷമയുടെയും ജീവിക്കുന്ന സാക്ഷ്യമാണ്. പാപത്തിൽ വീണ ഒരു സ്ത്രീയെ സമൂഹം കുറ്റക്കാരിയായി വിധിക്കുകയും

മരണശിക്ഷയ്ക്ക് അർഹയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ, യേശുക്രിസ്തു അവളെ കരുണയോടും സ്നേഹത്തോടും കൂടി സമീപിച്ചു. അവിടുന്ന് അവളുടെ പാപത്തെ ന്യായീകരിച്ചില്ല; എന്നാൽ അവളുടെ ജീവിതം അവസാനിച്ചുവെന്ന് വിധിക്കുകയും ചെയ്തില്ല. പകരം, മാനസാന്തരപ്പെടാനും വിശുദ്ധമായ ഒരു പുതിയ ജീവിതം ആരംഭിക്കാനും അവൾക്ക് അവസരം നൽകി. അതിലൂടെ, ദൈവം ശിക്ഷിക്കുന്നതിൽ ആനന്ദിക്കുന്നവനല്ല, മറിച്ച് പാപി മാനസാന്തരപ്പെട്ട് ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

ഈ സ്ത്രീയുടെ ജീവിതം എല്ലാ കാലത്തുമുള്ള മനുഷ്യർക്കും പ്രത്യാശയുടെ സന്ദേശമാണ്. മനുഷ്യന്റെ തെറ്റുകളേക്കാൾ വലുതാണ് ദൈവത്തിന്റെ കരുണയും, പാപത്തേക്കാൾ ശക്തമാണ് ദൈവത്തിന്റെ കൃപയും എന്ന സത്യം അവളുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിൽ എത്ര വലിയ വീഴ്ചകൾ സംഭവിച്ചാലും ആത്മാർത്ഥമായി യേശുക്രിസ്തുവിന്റെ സന്നിധിയിലേക്ക് മടങ്ങിവരുന്ന ഒരാളെയും അവിടുന്ന് ഒരിക്കലും തള്ളിക്കളയുന്നില്ല. അവിടുന്ന് ക്ഷമിക്കുകയും ആത്മാവിനെ പുതുക്കുകയും പ്രത്യാശ നിറഞ്ഞ ഒരു പുതിയ ജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അതിനാൽ ഈ സംഭവം നിരാശയിൽ കഴിയുന്ന ഓരോ മനുഷ്യനും ധൈര്യവും ആത്മവിശ്വാസവും നൽകുന്ന സുവിശേഷസന്ദേശമാണ്.

അതോടൊപ്പം, ഈ സ്ത്രീയുടെ ജീവിതം ഓരോ വിശ്വാസിക്കും ഒരു ആത്മപരിശോധനയാണ്. മറ്റുള്ളവരുടെ തെറ്റുകൾ അന്വേഷിക്കുകയും അവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനു മുമ്പ് സ്വന്തം ജീവിതം ദൈവസന്നിധിയിൽ പരിശോധിക്കേണ്ടതിന്റെ ആവശ്യകത ഇത് ഓർമ്മിപ്പിക്കുന്നു. യേശു കാണിച്ച കരുണയും ക്ഷമയും സ്നേഹവും നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലും സമൂഹജീവിതത്തിലും പ്രതിഫലിക്കണം. തെറ്റുകാരനെ തള്ളിക്കളയുന്നതിനുപകരം അവനെ ദൈവത്തിലേക്ക് നയിക്കുന്ന മനോഭാവമാണ് യഥാർത്ഥ ക്രൈസ്തവ സാക്ഷ്യം.

ഈ സംഭവത്തിന്റെ മറ്റൊരു പ്രധാന സന്ദേശം, ക്ഷമ ലഭിച്ച ജീവിതം വിശുദ്ധിയിലേക്ക് വളരേണ്ട ജീവിതമാണെന്നതാണ്. യേശു സ്ത്രീയോട്, 'പോക; ഇനി പാപം ചെയ്യരുത്' എന്ന് പറഞ്ഞതിലൂടെ ക്ഷമയോടൊപ്പം ഉത്തരവാദിത്വവും ഉണ്ടെന്ന് പഠിപ്പിച്ചു. അതിനാൽ ദൈവത്തിന്റെ കൃപ അനുഭവിച്ച ഓരോ വിശ്വാസിയും പഴയ ജീവിതം ഉപേക്ഷിച്ച് സത്യം, വിശുദ്ധി, സ്നേഹം, കരുണ, വിനയം എന്നിവയിൽ വളരാൻ നിരന്തരം പരിശ്രമിക്കണം. ക്രിസ്തുവിനെ അനുകരിക്കുന്ന ജീവിതമാണ് ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ ജീവിതം.

ഇന്നും യേശുക്രിസ്തുവിന്റെ സ്നേഹത്തിനും കരുണയ്ക്കും മാറ്റമില്ല. അവിടുത്തെ അടുക്കൽ വിശ്വാസത്തോടും മാനസാന്തരത്തോടും കൂടി എത്തുന്ന ഓരോ മനുഷ്യനും ക്ഷമയും സമാധാനവും ആത്മീയ നവീകരണവും പുതിയ പ്രത്യാശയും പ്രാപിക്കും. മനുഷ്യർ ഭൂതകാലത്തെ ഓർക്കുമ്പോൾ ദൈവം ഭാവിയെ തുറന്നുകൊടുക്കുന്നു. മനുഷ്യർ കുറ്റം വിധിക്കുമ്പോൾ ദൈവം കൃപ നൽകുന്നു. മനുഷ്യർ വാതിലുകൾ അടയ്ക്കുമ്പോൾ ദൈവം പുതിയ വഴികൾ തുറക്കുന്നു. എന്ന മഹത്തായ സത്യം ഈ സ്ത്രീയുടെ ജീവിതം വ്യക്തമാക്കുന്നു.

അതിനാൽ ഈ സ്ത്രീയുടെ ജീവിതം ദൈവകൃപയുടെ മഹത്വം വെളിപ്പെടുത്തുന്ന അമൂല്യമായ സാക്ഷ്യവും, മാനസാന്തരത്തിന്റെ ആവശ്യകത ഓർമ്മിപ്പിക്കുന്ന ശക്തമായ സന്ദേശവും, എല്ലാ വിശ്വാസികളെയും വിശുദ്ധമായ ജീവിതത്തിലേക്ക് വിളിച്ചുണർത്തുന്ന ശാശ്വതമായ മാതൃകയുമാണ്. പാപം മനുഷ്യനെ താഴ്ത്തിയേക്കാം, എന്നാൽ ദൈവത്തിന്റെ കരുണ അവനെ ഉയർത്തും; തെറ്റുകൾ മനുഷ്യനെ അപമാനിച്ചേക്കാം, എന്നാൽ ദൈവകൃപ അവന് പുതിയ ജീവിതവും പുതിയ പ്രത്യാശയും പുതിയ ലക്ഷ്യവും നൽകും എന്നാണ് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ട് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ജീവിതം എല്ലാ കാലത്തും എല്ലാ വിശ്വാസികൾക്കും ആത്മീയ പ്രചോദനവും വിശ്വാസത്തിന്റെ വഴികാട്ടിയും ആയി നിലനിൽക്കും.



ലഹരിക്കെതിരായ പോരാട്ടത്തിൽ യുവജനസംഘടനകൾ ഒറ്റക്കെട്ടായി നിലകൊള്ളണം: പ. കാതോലിക്കാ ബാവാ

തിരുവനന്തപുരം: കേരളത്തെ ലഹരി മുക്തമാക്കുന്നതിനുള്ള ആർജ്ജവം പുതിയ സർക്കാരിനുണ്ടെന്ന് പ്രതീക്ഷിക്കുന്നതായി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഗാന്ധിയുടെ പാതയിൽ സഞ്ചരിക്കുന്ന കോൺഗ്രസിന് ആ ലക്ഷ്യത്തിൽ നിന്ന് പിന്തിരിയാൻ കഴിയില്ലെന്നും ബാവാ പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ലഹരി വിരുദ്ധ ക്യാമ്പയിൻ മൈൽസ് വിത്ത് ഔട്ട് മിസ്റ്റേക്സ് 2.0 തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബാവാ.

ശ്രീകാര്യം മാർ ദീയസ്ക്കോറോസ് ഫാർമസി കോളജിൽ നടന്ന ചടങ്ങിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. സമൂഹത്തിലെ തെറ്റായ പ്രവണതകളെ ചോദ്യം ചെയ്യാനും തിരുത്താനുമുള്ള ശക്തി യുവതലമുറയ്ക്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തൂഫാൻ വോളണ്ടിയേഴ്സായി തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള ടീഷർട്ട് സുപ്ര പസഫിക് ഫിനാൻഷ്യൽ സർവീസ് സീനിയർ വൈസ് പ്രസിഡന്റ് ദീപക് ഫ്രാൻസിക് കൈമാറി.

ഒ.സി.വൈ.എം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജെയിൻ സി മാത്യു, കേന്ദ്ര ട്രഷറർ രെഞ്ചു എം ജോയ്, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ. ജോൺ വർഗീസ്, ഫാ. കോശി അലക്സാണ്ടർ ആശ്ബി, ഫാ. ഏബ്രഹാം തോമസ്, യുവജനപ്രസ്ഥാനം തിരുവനന്തപുരം ഭദ്രസന വൈസ് പ്രസിഡന്റ് ഫാ ഗീവർഗീസ് പള്ളിവാതുക്കൽ, ഫാ ഏബ്രഹാം അലക്സ്, പരിപാടിയുടെ കൺവീനർമാരായ അഡ്വ അനീഷ് ജേക്കബ്,അബി എബ്രഹാം കോശി, ജിൻസ് തടത്തിൽ, അഡ്വ. രോഹിത് ജോൺ വർഗീസ്, ജോജി ജേക്കബ്, സുജിത് വർഗീസ്, മിഥുൻ ജോസഫ് ജോർജ്, സിനു മാത്യു, റിക്കി റോയ്, ഫാർമസി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. പ്രീജ ജി. പിള്ള, ദിപിൻ ലാൽ, അൻസു സാറ കോരുത് എന്നിവർ സംസാരിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പെന്തിക്കോസ്തിക്ക് ശേഷം പത്താം ഞായർ

(വി. വി. മത്തായി 18:1-14)



ഫാ. പ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ദൈവരാജ്യത്തിന്റെ രാഷ്ട്രീയവും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ദൈവശാസ്ത്രവും തുറന്നു കാട്ടുന്നതാണ് മത്തായി 18:1-14 വരെയുള്ള വേദഭാഗം. അധികാരത്തിന്റെയും സ്വാധീനത്തിന്റെയും മാനദണ്ഡങ്ങൾ വച്ച് ലോകം മനുഷ്യരെ അളക്കുമ്പോൾ, അതിനെ തീർത്തും തലകീഴായി മറിക്കുകയാണ് ക്രിസ്തു ചെയ്യുന്നത്.

ഘടനകളെ തിരുത്തുവാനുള്ള ആഹ്വാനം

'വലിയവൻ ആർ?' (മത്തായി 18:1) എന്ന ശിഷ്യന്മാരുടെ ചോദ്യം എക്കാലത്തെയും സാമൂഹിക ഘടനയുടെ പ്രതീകമാണ്. മനുഷ്യന്റെ അഹന്തയും (Ego) സ്ഥാനമാനങ്ങൾക്കായുള്ള മത്സരവുമാണ് ഈ ചോദ്യത്തിന് പിന്നിൽ. ഗുരുവിന്റെയോ തങ്ങളിൽ ഒരുവന്റെയോ പേരായിരിക്കും മറുപടി എന്ന് പ്രതീക്ഷിക്കുന്ന ഇടത്താണ് അന്നത്തെ സമൂഹത്തിൽ യാതൊരു വിലയുമില്ലാത്ത ഒരു ശിശുവിനെ കർത്താവ് അവരുടെ മധ്യത്തിൽ നിർത്തുന്നത്. റോമൻ-യഹൂദ സമൂഹത്തിൽ കുട്ടി എന്നത് യാതൊരു നിയമപരമായ അവകാശങ്ങളോ സാമ്പത്തിക മൂല്യമോ ഇല്ലാത്ത, ഏറ്റവും ദുർബലനായ ഒന്നുമില്ലായ്മയുടെ പ്രതീകമായിരുന്നു. അങ്ങനെയൊരാളെ മധ്യത്തിൽ നിർത്തിക്കൊണ്ട്, അധികാരത്തിന്റെ ശ്രേണികളെ യേശു മാറ്റി മറിക്കുന്നു.

'മധ്യത്തിൽ നിർത്തി' എന്ന പരാമർശത്തിനും ഏറെ പ്രാധാന്യമുണ്ട് ഒരു പക്ഷേ ഈ പൈതലിനെ മാതൃകയാക്കിക്കൊണ്ട് സ്വർഗ്ഗരാജ്യത്തിന് വേണ്ടി തയ്യാറാകുവാനുള്ള ഒരു ആഹ്വാനവും കൂടിയാണ് ഈ വേദഭാഗം നൽകുന്നത്. തങ്ങളുടെ സ്ഥാനമാനങ്ങളും നേട്ടങ്ങളും അല്ല വലിപ്പത്തിന്റെ അളവുകോൽ എന്നാണ് നമ്മെ ഓർമിപ്പിക്കുന്നത്. സ്വർഗ്ഗരാജ്യത്തിലെ പ്രവേശനത്തിന് ശിശുസഹജമായവയിലേക്ക് തിരിയുവാൻ ആണ് ആഹ്വാനം നൽകുന്നത്. നിരവധി ഘടകങ്ങൾ ഒരു ശിശുവിന്റെ ജീവിതത്തിൽ നിന്ന് മാതൃകയാക്കുവാനുണ്ട്. നിഷ്കളങ്കത, സുതാര്യത, അനന്തമായ സാധ്യതകൾ, കുടുംബത്തിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷ, ചുറ്റുമുള്ളവരിൽ മാറ്റം ഉണ്ടാക്കുവാനുള്ള സാധ്യത തുടങ്ങി ഒരു പൈതൽ മുൻപോട്ടു വയ്ക്കുന്നത് ഏറെ ദർശങ്ങളാണ്. അത്തരം അനുഭവങ്ങളിലൂടെ ദൈവരാജ്യ പ്രവേശനം നേടുവാൻ സാധിക്കണം

അഹങ്കാരത്തിലും അധീശത്വത്തിലും അധിഷ്ഠിതമായ ലോകവ്യവസ്ഥിതിയെ തലകീഴായി മറിച്ചുകൊണ്ട്, 'ബലഹീനതയിലാണ് ദൈവീകശക്തി പൂർണ്ണമാകുന്നത്' എന്ന് പ്രഖ്യാപിക്കുന്ന വിപ്ലവകരമായ ദൈവശാസ്ത്ര മുഹൂർത്തമാണിത്.

ഇടർച്ചകളുടെ രാഷ്ട്രീയത്തിൽ നിന്ന് മാറി നടക്കുക

ഇടർച്ച എന്നതിന് ഉപയോഗിക്കുന്ന ഗ്രീക്ക് പദമായ 'സ്കാൻഡലോൺ' എന്ന വാക്കിന്റെ അർത്ഥം 'വീഴ്ത്താനുള്ള കെണി' എന്നാണ്. അതായത് വ്യവസ്ഥിതിയിൽ ശക്തിയില്ലാത്തവരെ വഴിതെറ്റിക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്ന സാമൂഹിക തിന്മകൾക്കെതിരെ യേശു കടുത്ത ഭാഷയിൽ സംസാരിക്കുന്നു. 'അവന്റെ കഴുത്തിൽ തിരികല്ലു കെട്ടി സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നല്ലത് എന്നത് കേവലം ഒരു പാപ മുന്നറിയിപ്പ് മാത്രമല്ല മറിച്ച് ദുർബലരെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതികൾക്കെതിരെയുള്ള ദൈവീക നീതിയുടെ അപലപനമാണ്.

ഭൂരിപക്ഷമായ തൊണ്ണൂറ്റിഒമ്പത് ആട് കൂടെയുള്ളപ്പോഴും കാണാതെ പോയ ഒരാട് സമൂഹത്തിലും കുടുംബത്തിലും ഒറ്റപ്പെട്ടു പോയ അനേകരുടെ പരിച്ഛേദമാണ്. തെറ്റി പോയതിനെ തേടി പോകുന്ന ഇടയൻ എന്ന സൂചന അവരുടെ ഒറ്റപ്പെടൽ എന്ന ഇടർച്ചയ്ക്ക് കാരണമായ അനേകരുടെ നേരെയുള്ള വിരൽ



ചൂണ്ടൽ കൂടിയാണ്. ആധുനിക യൂട്ടിലിറ്റേറിയനിസത്തിന് (Utilitarianism. ബഹുഭൂരിപക്ഷത്തിന്റെ നന്മയ്ക്ക് വേണ്ടി ചുരുക്കം ചിലരെ ഉപേക്ഷിക്കാം എന്ന തത്ത്വം) എതിരെയുള്ള ശക്തമായ നിലപാടാണ് ഇത്.

ആധുനിക ക്യാപിറ്റലിസ്റ്റ്-ഉപഭോഗ സംസ്കാരം വലിയൊരു വിഭാഗം മനുഷ്യരെ 'ഇടർച്ചയിലേക്ക്' തള്ളിയിടുന്നു. പരിസ്ഥിതി നാശം, കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ, ഭരണകൂടങ്ങളുടെ അടിച്ചമർത്തലുകൾ, സാമ്പത്തിക-ലൈംഗിക അരാജകത്വങ്ങൾ എന്നിവയെല്ലാം പലരുടെയും ഇടർച്ചക്ക് കാരണമാകുന്നുണ്ട്. ഭൂരിപക്ഷത്തിന് ലാഭത്തിനുവേണ്ടി ചില ന്യൂനപക്ഷങ്ങളുടെ ജീവിതം തകർക്കുന്ന ആധുനിക കോർപ്പറേറ്റ് കാലത്ത്, ആ ഒറ്റ മനുഷ്യന് വേണ്ടി പുറപ്പെടുന്ന ക്രിസ്തുവിന്റെ ഇടയദർശനം ഒരു വിപ്ലവകരമായ പ്രതി-രാഷ്ട്രീയമാണ് (Counter-politics).


ഇടർച്ചകൾ ഉണ്ടാക്കാതെയും ഇടർച്ചകൾക്കെതിരെ നില കൊള്ളുകയും ചെയ്യുന്ന പ്രവാചക ശബ്ദ വാനുള്ള ദൗത്യമാണ് ഈ വേദഭാഗത്ത് ക്രിസ്തു നൽകുന്നത്. ❑

അനുതാപം

"സത്യ അനുതാപം എന്നു പറയുന്നതു ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നും ഒഴികയും മേലാൽ ദൈവത്തിനു ഇഷ്ടമാം വണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കണമെന്ന് മനസ്സിൽ ഉറക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടുംകൂടെ അനുതപിച്ച് കരുണയുള്ള ദൈവത്തിങ്കലേയ്ക്ക് അടുത്തുചെല്ലേണ്ടതാകുന്നു."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

Church Calendar



Greatness Through Humility and God's Heart for the Lost

10th Sunday after Pentecost

(Matthew 18:1–14)

Philipose Ramban

(Jyothis Ashram, Abu Road, Rajasthan)

Tenth Sunday after Pentecost, the Holy Church continues to lead us on the journey of Christian discipleship. The season after Pentecost is a season of growth. Having received the Holy Spirit, we are called to mature in faith, to reflect Christ in our thoughts and actions, and to become a living witness of the Kingdom of God.

This Gospel answers two important questions every Christian must ask: What makes a person truly great in God's Kingdom? And, How does God look upon those who are weak, forgotten, and lost?

The disciples approached Jesus asking, "Who is the greatest in the Kingdom of Heaven?" Like many of us, they were thinking about position, honour, recognition, and importance. But Jesus completely changed their understanding by placing a little child in their midst.

From this passage we learn two beautiful lessons.

True Greatness Begins with Humility

Jesus called a little child and said, "Unless you turn and become like children, you will never enter the kingdom of heaven." Our Lord was not speaking about childishness but childlikeness. A child lives with trust, simplicity, dependence, purity, and openness. A child does not seek status or prestige. In God's Kingdom, greatness is never measured by authority, education, wealth, influence, or popularity. Greatness is measured by humility. The world teaches us to climb higher than others. Christ teaches us to kneel lower before God.

Humility is not weakness. It is strength under God's control. A humble person knows that every blessing comes from God. Such a person serves, instead of demanding to be served. Jesus goes even further. He warns us never to become a stumbling block for "these little ones." The "little ones" include children, new believers, those weak in faith, and people who are spiritually vulnerable.

As Christians we must ask ourselves: Are my words encouraging or discouraging others? Does my behaviour strengthen someone's faith or weaken it? Am I helping people come closer to Christ or pushing them away?

Our family, parish, fellowship, workplace, and society should become places where faith is nurtured, not destroyed. Humility always builds others up. Pride always tears others down.

God's Heart Always Seeks the Lost

Jesus then tells the beautiful parable of the lost sheep. A shepherd leaves ninety-nine sheep in safety to search for the one that has wandered away. From a human perspective, this seems unreasonable. But from God's perspective, every single soul has immeasurable value.



This parable reveals the very heart of Christ. God never gives up on people. Even when we wander through sin, discouragement, addiction, disappointment, doubt, or spiritual laziness, the Good Shepherd continues searching for us. The greatest joy in heaven is not merely in preserving those who remain safe, but in restoring the one who has been lost.

This message also becomes our mission. As members of Christ's Church, we cannot remain satisfied only caring for ourselves. We are called to seek those who have drifted away from prayer, worship, the Holy Qurbana, fellowship, or faith. Perhaps someone is absent because of hurt. Perhaps someone feels forgotten. Perhaps someone is silently carrying guilt. Perhaps someone is waiting for one loving invitation. Instead of judging them, Christ asks us to seek them with compassion. Every believer should become an extension of the Good Shepherd's love. The Church is not a museum for old and precious; it is a hospital for new-born and wounded.

This Gospel teaches us that the Kingdom of God has very different values from the world. The world says: "Become great so people will notice you." Christ says: "Become humble so God may use you." The world ignores the weak. Christ searches for every lost soul. As we continue this blessed season after Pentecost, let us pray for two precious gifts: First, the humility and weakness of a child that seeks to trusts completely in everyone and everything. Second, the meek and compassionate heart of the Good Shepherd who is hard working and never gives up on any of his flock young or old, weak or strong, lost or wounded.

May our homes, our community, and our Church become places where humility replaces pride, where every child is protected, every believer is encouraged, and every lost soul is welcomed back into the loving embrace, that of Christ. May the Holy Spirit strengthen us to live this Gospel each day. To the Father, the Son, and the Holy Spirit be all glory, honour, and worship, now and forever. Amen. ❑

മറുപുറം

ഒരിടത്ത് പല കാലങ്ങൾ

ഫാ. അജീഷ് ബാബു

ഒൾഗ തുക്കാർചുക്കിന്റെ ഒരിടത്ത് പല കാലങ്ങൾ (Primeval and Other Times) വായിച്ചുതീർന്നിട്ടും മനസ്സിൽ ഏറെക്കാലം മായാതെ നിൽക്കുന്ന ചില കഥാപാത്രങ്ങളുണ്ട്. എന്നാൽ അതിലുപരി, ഈ നോവൽ മനസ്സിൽ അവശേഷിപ്പിക്കുന്നത് ഒരു ചോദ്യമാണ്, മനുഷ്യനെ മനുഷ്യനാക്കുന്നത് എന്താണ്? ശരീരമാണോ? ഭാഷയാണോ? ഓർമ്മയാണോ?. നോവലിന്റെ ഒരു ശക്തമായ ഭാഗങ്ങളിലൊന്നാണ് താന്തോന്നിയുടെ ജീവിതം. അത് ഒരു മനുഷ്യൻ കാട്ടിൽ ജീവിക്കുന്ന കഥയല്ല; ഒരു മനുഷ്യന്റെ വ്യക്തിത്വം എങ്ങനെ പതിയെ പതിയെ അഴിച്ചുമാറ്റപ്പെടുന്നു എന്നതിന്റെ അസാധാരണമായ മനഃശാസ്ത്രവും ദാർശനികവുമായ പഠനമാണ്.

താന്തോന്നി കാട്ടിലേക്ക് കടന്നുപോകുമ്പോൾ ആദ്യം മാറുന്നത് അയാളുടെ ജീവിതരീതിയാണ്. എന്നാൽ പിന്നീട് മാറുന്നത് അയാളുടെ ശരീരമല്ല; അയാളുടെ മനുഷ്യത്വമാണ്. ഓരോ ദിവസവും ഓർമ്മയുടെ ഓരോ കഷണം വീതം അയാളിൽനിന്ന് കൊഴിഞ്ഞുപോകുന്നു. ആദ്യം വാക്കുകൾ നഷ്ടപ്പെടുന്നു. പിന്നെ വൈകുന്നേരത്തെ പ്രാർത്ഥനകൾ. തീ കത്തിക്കാനുള്ള അറിവ്. വസ്ത്രം ധരിക്കുന്ന ശീലം. കുട്ടിക്കാലത്തെ പാട്ടുകൾ. അമ്മയുടെ മുഖം. ഭാര്യയുടെ ചിരി. മക്കളുടെ സ്നേഹം. ഭക്ഷണത്തിന്റെ രുചി. ഒടുവിൽ സ്വന്തം ജീവിതത്തിന്റെ ചരിത്രം തന്നെ. രംഗങ്ങൾ വായിക്കുമ്പോൾ ഒരു വേദനാജനകമായ തിരിച്ചറിവ് നമ്മെ തേടിയെത്തുന്നു. മനുഷ്യൻ ശരീരത്തിൽ ജീവിക്കുന്നില്ല; ഓർമ്മയിലാണ് ജീവിക്കുന്നത്. ഓർമ്മകൾ നഷ്ടപ്പെടുമ്പോൾ മനുഷ്യൻ മരിക്കുന്നില്ല; പക്ഷേ അയാളുടെ മനുഷ്യത്വം മരിക്കാൻ തുടങ്ങുന്നു.

നോവലിൽ മറവി ഒരു രോഗമല്ല. അത് ഒരു അസ്തിത്വപരമായ രൂപാന്തരമാണ്. താന്തോന്നി മറക്കുന്നത് വിവരങ്ങളെയല്ല; മനുഷ്യനാകാനുള്ള ശേഷിയെയാണ്. അതുകൊണ്ടാണ് നോവൽ പറയുന്ന ഏറ്റവും ഭയപ്പെടുത്തുന്ന വാചകം ഇതാണ്: 'അയാളാകുക എന്നാൽ എന്താണെന്നുതന്നെ അയാൾ മറന്നുപോയിരുന്നു.' ഒരു കഥാപാത്രത്തിന്റെ അവസ്ഥയല്ല. മനുഷ്യന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരു മഹത്തായ ദാർശനിക നിരീക്ഷണമാണ്. നമ്മൾ ആരാണെന്ന് തീരുമാനിക്കുന്നത് നമ്മുടെ ശരീരമല്ല; നമ്മുടെ ഓർമ്മകളാണ്. നമ്മുടെ ബന്ധങ്ങളാണ്. നമ്മുടെ ഭാഷയാണ്. നമ്മുടെ പ്രാർത്ഥനകളാണ്. ഇവയെല്ലാം നഷ്ടപ്പെടുമ്പോൾ ശേഷിക്കുന്നത് ജീവിച്ചിരിക്കുന്ന ഒരു ശരീരമാകാം; പക്ഷേ അതിനുള്ളിൽ ജീവിച്ചിരുന്ന മനുഷ്യൻ അപ്രത്യക്ഷനായിരിക്കും. അതുകൊണ്ടാണ് പിന്നീടുണ്ടാകുന്ന മാറ്റങ്ങൾ വെറും ശാരീരികമാറ്റങ്ങളായി മാത്രം വായിക്കാനാവാത്തത്. ശരീരത്തിൽ രോമം വളരുന്നു. പച്ചമാംസം ഭക്ഷണമാകുന്നു. മനുഷ്യന്റെ ഭാഷ മുരൾച്ചകളായി മാറുന്നു. നാലുകാലിൽ നടക്കുന്നത് കൂടുതൽ സ്വാഭാവികമായി തോന്നുന്നു. ഈ മാറ്റങ്ങൾ പ്രകൃതിയിലേക്കുള്ള മടങ്ങിവരവല്ല; സംസ്കാരത്തിൽനിന്ന് മനുഷ്യന്റെ പതനമാണ്.

വേദനാജനകമായ മറ്റൊരു രംഗമുണ്ട്. കാട്ടിൽ വിറക് ശേഖരിക്കാൻ വന്ന ഒരു വയോധികനെ താന്തോന്നി കാണുന്നു. ഒരുകാലത്ത് അയാളും അങ്ങനെ ഒരു മനുഷ്യനായിരുന്നു. എന്നാൽ ഇപ്പോൾ ആ വയോധികൻ അയാൾക്ക് ഒരു മനുഷ്യനല്ല; ഒരു ഭീഷണിയാണ്. ബന്ധങ്ങളുടെ ലോകത്ത് ജീവിച്ചിരുന്ന ഒരാൾ ഇപ്പോൾ ഭയത്തിന്റെ ലോകത്താണ് ജീവിക്കുന്നത്. മനുഷ്യനെ ഇനി മനുഷ്യനായി തിരിച്ചറിയാൻ പോലും അയാൾക്ക് കഴിയുന്നില്ല. നോവലിലെ ഏറ്റവും ഹൃദയഭേദകമായ നിമിഷം മറ്റൊന്നാണ്. ഒരിക്കൽ താന്തോന്നി കാടിന്റെ അരികിലെത്തി ഗ്രാമത്തെ നോക്കുന്നു. വീടുകൾ കാണുന്നു. അപ്പോൾ അയാളുടെ ഉള്ളിൽ എന്തോ അനങ്ങുന്നു. അത് പൂർണ്ണമായ ഓർമ്മയല്ല. പക്ഷേ മാഞ്ഞുപോകാതെ അവശേഷിച്ച മനുഷ്യത്വത്തിന്റെ അവസാനത്തെ മിന്നലാണ്. ഒരു നിമിഷം അയാൾ പഴയ ലോകത്തിന്റെ അതിർത്തിയിൽ നിൽക്കുന്നു. എന്നാൽ അടുത്ത നിമിഷം നാലുകാലിൽ തിരിഞ്ഞ് കാട്ടിലേക്ക് മടങ്ങുന്നു. ആ രംഗം വായിക്കുമ്പോൾ തോന്നും ഒരു മനുഷ്യൻ കാട് തിരഞ്ഞെടുത്തതല്ല; മനുഷ്യലോകം അയാളിൽ നിന്ന് അപ്രത്യക്ഷമായതാണ്.

ഒരിടത്ത് പല കാലങ്ങൾ എന്ന നോവൽ അതിന്റെ ഏറ്റവും വലിയ



ദാർശനിക ഉയരത്തിലെത്തുന്നത്. ഈ നോവൽ പറയുന്ന 'പല കാലങ്ങൾ' എന്നത് ചരിത്രത്തിലെ കാലഘട്ടങ്ങൾ മാത്രമല്ല; മനുഷ്യന്റെ ഉള്ളിൽ ജീവിക്കുന്ന വ്യത്യസ്ത അസ്തിത്വങ്ങളാണ്. ഒരാൾ ശരീരത്തിൽ ഇന്നിന്റെ കാലത്തായിരിക്കാം; എന്നാൽ മനസ്സിൽ നൂറ്റാണ്ടുകൾ പിന്നിലായിരിക്കാം. ഒരാൾ നഗരത്തിൽ ജീവിച്ചാലും ഉള്ളിൽ കാട്ടിന്റെ നിയമങ്ങളായ ഭയവും അതിജീവനവും മാത്രമാകാം. മറ്റൊരാൾ ദാരിദ്ര്യത്തിനിടയിലും സ്നേഹത്തിന്റെ കാലത്ത് ജീവിച്ചേക്കാം.

നോവൽ ഇന്നത്തെ ഇന്ത്യയിൽ കൂടുതൽ വായിക്കപ്പെടേണ്ട കൃതിയാണ്. നമ്മുടെ സമൂഹത്തിലും ചിലപ്പോൾ മനുഷ്യർ പരസ്പരം മനുഷ്യരെന്നതിനേക്കാൾ തിരിച്ചറിയലുകളായി മാറുന്നു. മതം, ജാതി, ഭാഷ, രാഷ്ട്രീയം എന്നിവ മനുഷ്യനെക്കാൾ വലുതാകുമ്പോൾ, താന്തോന്നിയുടെ കഥ ഒരു രൂപകമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. ഓർമ്മ നഷ്ടപ്പെട്ട ഒരാൾ മൃഗമാകുന്നതുപോലെ, മാനുഷിക ഓർമ്മ നഷ്ടപ്പെട്ട ഒരു സമൂഹം ക്രൂരമാകുന്നു. ഒരിടത്ത് പല കാലങ്ങൾ ഒരു ഗ്രാമത്തിന്റെ കഥയല്ല. അത് മനുഷ്യന്റെ ഉള്ളിൽ നടക്കുന്ന നിശ്ശബ്ദമായ മാറ്റങ്ങളുടെ ചരിത്രമാണ്. നോവൽ വായിച്ചുകഴിഞ്ഞാൽ നാം മറവിയെ പേടിക്കാൻ തുടങ്ങും. കാരണം മറവി എന്നത് പേരുകൾ മറക്കുന്നതല്ല; സ്നേഹിച്ചവരുടെ മുഖങ്ങൾ മറക്കുന്നതാണ്. പ്രാർത്ഥനയുടെ ഭാഷ മറക്കുന്നതാണ്. ഒടുവിൽ, 'ഞാൻ ആരാണ്?' എന്ന ചോദ്യത്തിനുള്ള ഉത്തരം മറക്കുന്നതാണ്. താന്തോന്നി എന്ന അധ്യായം അവസാനിപ്പിക്കുമ്പോൾ മനസ്സിൽ മുഴങ്ങുന്ന ഏറ്റവും വേദനാജനകമായ വാചകം ഇതാകുന്നത്, മനുഷ്യൻ മരിക്കുന്നത് ഹൃദയം നിലയ്ക്കുമ്പോഴല്ല; സ്വന്തം മനുഷ്യത്വം തിരിച്ചറിയാൻ കഴിയാത്ത നിമിഷത്തിലാണ്.

ഒൾഗ തുക്കാർചുക്കിന്റെ ഒരിടത്ത് പല കാലങ്ങൾ വായിച്ചുകഴിഞ്ഞപ്പോൾ ഏറെക്കാലം മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്ന ചോദ്യം അതായിരുന്നു. നോവലിന്റെ ഏറ്റവും വലിയ സവിശേഷത, അത് സമയത്തെ ഘടികാരത്തിന്റെ സൂചികൊണ്ടല്ല അളക്കുന്നത് എന്നതാണ്. മനുഷ്യരുടെ ഓർമ്മകളും, ഭയങ്ങളും, അധികാരവും, വിശ്വാസവും, സ്നേഹവും ചേർന്നാണ് സമയം രൂപപ്പെടുന്നതെന്ന് അത് നമ്മെ പഠിപ്പിക്കുന്നു. അതിനാലാണ് ഈ നോവലിൽ ഒരു സ്ഥലത്ത് പല കാലങ്ങൾ ജീവിക്കുന്നത്. ചിലർ ഭാവിയിലാണ്. ചിലർ ഭൂതകാലത്തിൽ കുടുങ്ങിക്കിടക്കുന്നു. ചിലർ വർത്തമാനകാലം പോലും ജീവിക്കുന്നില്ല. മനുഷ്യന്റെ മനസ്സ് എവിടെയാണോ, അവന്റെ കാലവും അവിടെയാണ്. ഇന്ത്യയെ ഓർക്കാതിരിക്കാൻ കഴിയില്ല. കാരണം ഇന്ന് നമ്മുടെ രാജ്യവും ഒരേ

സമയം പല കാലങ്ങളിൽ ജീവിക്കുകയാണ്. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നാം അഭിമാനിക്കുമ്പോൾ, ജാതിയിലും മതവിദ്വേഷത്തിലും നാം പലപ്പോഴും നൂറ്റാണ്ടുകൾ പിന്നിലേക്ക് നടക്കുന്നു. ബഹിരാകാശത്തേക്ക് പേടകം അയക്കുന്ന അതേ രാജ്യം, മനുഷ്യനെ മനുഷ്യനായി കാണാൻ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ നോവൽ നമ്മുടെ കാലത്തെ വായിക്കാനുള്ള ഒരു കണ്ണാടിയായി മാറുന്നു.


രാഷ്ട്രീയം അധികാരത്തിനുവേണ്ടി മനുഷ്യരുടെ ഓർമ്മകളെ പുനർനിർമ്മിക്കാൻ ശ്രമിക്കുമ്പോൾ, ചരിത്രം ഒരു പഠനവിഷയമല്ലാതായി ഒരു ആയുധമായി മാറുന്നു. മതം മനുഷ്യനെ ദൈവത്തിലേക്ക് ഉയർത്തേണ്ടിടത്ത് മനുഷ്യനെ മനുഷ്യനിൽ നിന്ന് അകറ്റാൻ ഉപയോഗിക്കപ്പെടുമ്പോൾ, കാലം പിന്നോട്ടാണ് ഒഴുകുന്നത്. പ്രകൃതിയെ അമ്മയായി കാണേണ്ടിടത്ത് കൊള്ളയടിക്കേണ്ട സമ്പത്തായി കാണുമ്പോൾ, മനുഷ്യൻ മുന്നേറുന്നില്ല; തന്റെ വേരുകൾ തന്നെ മുറിക്കുകയാണ്.

അതിനാലാണ് ഈ നോവൽ പറയുന്ന 'പല കാലങ്ങൾ' എന്ന ആശയം വെറും സാഹിത്യഭാവനയല്ല. അത് ഒരു സാമൂഹിക സത്യമാണ്. ഒരേ നഗരത്തിൽ ജീവിക്കുന്ന രണ്ടുപേർക്ക് രണ്ടുതരം കാലങ്ങളുണ്ട്. ഒരാൾക്ക് അയൽക്കാരൻ സഹോദരനാണ്; മറ്റൊരാൾക്ക് അയാൾ ശത്രുവാണ്. ഒരാൾക്ക് മതം സ്നേഹമാണ്; മറ്റൊരാൾക്ക് അത് വിദ്വേഷത്തിന്റെ പതാകയാണ്. ഒരാൾക്ക് രാജ്യം മനുഷ്യരാണ്; മറ്റൊരാൾക്ക് രാജ്യം ഒരു മുദ്രാവാക്യമാണ്. ഒരേ സ്ഥലത്ത് നിൽക്കുമ്പോഴും അവർ ജീവിക്കുന്നത് വ്യത്യസ്ത കാലങ്ങളിലാണ്.

ഡൽഹി തെരുവുകളിലേക്ക് ഒരിടത്ത് പല കാലങ്ങൾ കൂടുതൽ ശക്തമായി അനുഭവപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ പേരിൽ നടക്കുന്ന പ്രതിഷേധങ്ങൾ, മത്സരപരീക്ഷകളെ ചുറ്റിപ്പറ്റിയുള്ള അനിശ്ചിതത്വങ്ങൾ, ചോദ്യപേപ്പർ ചോർച്ചകളെക്കുറിച്ചുള്ള ആശങ്കകൾ, ഫലപ്രഖ്യാപനങ്ങളിലെ വൈകല്യങ്ങൾ, അനിശ്ചിതത്വത്തിനിടയിൽ സ്വന്തം ഭാവിക്കായി കാത്തിരിക്കുന്ന ആയിരക്കണക്കിന് യുവാക്കളുടെ നിശ്ശബ്ദ വേദന. ഒരു തലമുറയുടെ സമയമാണ് അവിടെ തടഞ്ഞുവെക്കപ്പെടുന്നത്. ഒരു പരീക്ഷ മാറ്റിവെക്കുമ്പോൾ, ഒരു ഫലം വൈകുമ്പോൾ, ഒരു സ്വപ്നം അനിശ്ചിതത്വത്തിലാകുമ്പോൾ നഷ്ടമാകുന്നത് ഒരു വർഷമല്ല; ചിലപ്പോൾ ഒരു കുടുംബത്തിന്റെ പ്രതീക്ഷയാണ്, ഒരു യുവാവിന്റെ ആത്മവിശ്വാസമാണ്, ഒരു കുട്ടിയുടെ ഭാവിയെക്കുറിച്ചുള്ള വിശ്വാസമാണ്. ഒൾഗ ടൊകാർചുക്ക് പറയുന്ന 'പല കാലങ്ങൾ' എന്ന ആശയം ഇവിടെ വീണ്ടും സത്യമായി മാറുന്നു. അധികാരത്തിന്റെ കലണ്ടറിൽ ഒരു ദിവസം മാത്രമായിരിക്കാം കടന്നുപോകുന്നത്; എന്നാൽ ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ അത് മാസങ്ങളുടെയും വർഷങ്ങളുടെയും കാത്തിരിപ്പായി മാറുന്നു. അതുകൊണ്ടുതന്നെ, നോവൽ നമ്മെ ഓർമ്മിപ്പിക്കുന്നത് മനുഷ്യരുടെ സമയം ഒരിക്കലും ഘടികാരത്തിന്റെ സമയം മാത്രമല്ല എന്ന സത്യമാണ്. ഒരു സമൂഹത്തിന്റെ പുരോഗതി അതിന്റെ കെട്ടിടങ്ങളാലോ സാങ്കേതികവിദ്യയാലോ അളക്കാനാവില്ല; അതിന്റെ കുട്ടികളുടെ സ്വപ്നങ്ങൾക്ക് എത്ര വില കൊടുക്കുന്നു എന്നതുകൊണ്ടാണ് അളക്കേണ്ടത്. കുട്ടികളുടെ പ്രതീക്ഷകൾ അനിശ്ചിതത്വത്തിൽ അകപ്പെടുന്ന ഒരു രാജ്യം, ഭാവിയിലേക്കല്ല, സ്വന്തം കാലത്തിൽ നിന്ന് പിന്നിലേക്ക് നടക്കാൻ തുടങ്ങുന്ന ഒരു രാജ്യമാകുന്നു.

ദൈവം ഒരു സ്ഥലം തിരഞ്ഞെടുക്കുന്നു; മനുഷ്യൻ അതിനെ ചരിത്രമാക്കുന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിൽ ദൈവം മനുഷ്യനെ കണ്ടുമുട്ടുന്നത് ശൂന്യതയിലല്ല; ഒരു പ്രത്യേക സ്ഥലത്തും സമയത്തുമാണ്. ബെത്‌ലഹേം, നസറത്ത്, ഗോൽഗോഥ ഇവ വെറും ഭൂമിശാസ്ത്രപരമായ ഇടങ്ങളല്ല, ദൈവം ചരിത്രത്തിലേക്ക് ഇറങ്ങിവന്ന ഇടങ്ങളാണ്. ഈ അർത്ഥത്തിൽ ഒരിടത്ത് പല കാലങ്ങൾ എന്ന പുസ്തകം ഓരോ സ്ഥലവും പല തലമുറകളുടെ ജീവിതവും ഓർമ്മയും മുറിവുകളും പ്രതീക്ഷകളും വഹിക്കുന്ന ഒരു 'അവതാരഭൂമി' ആണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം മനുഷ്യചരിത്രത്തെ വിശുദ്ധമാക്കിയതുപോലെ, മനുഷ്യരുടെ സാധാരണ ജീവിതവും ഈ പുസ്തകം വിശുദ്ധമായ വായനയ്ക്ക് വിധേയമാക്കുന്നു.

മറ്റൊരു ചോദ്യവും ഉയർത്തുന്നു: രക്ഷ എവിടെയാണ് സംഭവിക്കുന്നത്? ക്രൈസ്തവ വിശ്വാസമനുസരിച്ച്, രക്ഷ സ്വർഗ്ഗത്തിലേക്കുള്ള ഒരു യാത്ര മാത്രമല്ല; മനുഷ്യൻ ജീവിക്കുന്ന സ്ഥലങ്ങളുടെ പരിവർത്തനവുമാണ്. അതുകൊണ്ട് ഒരിടത്ത് പലകാലങ്ങൾ എന്ന പുസ്തകം സ്ഥലങ്ങളെക്കുറിച്ചല്ല സംസാരിക്കുന്നത്; ഒരു സമൂഹത്തിന്റെ ആത്മാവിനെക്കുറിച്ചാണ്. ഓരോ ഗ്രാമവും ഓരോ വീടും ഓരോ വഴിയും മനുഷ്യരുടെ പാപത്തിന്റെയും കൃപയുടെയും, നഷ്ടത്തിന്റെയും പ്രത്യാശയുടെയും കഥകൾ സൂക്ഷിക്കുന്ന 'ജീവിക്കുന്ന ഗ്രന്ഥങ്ങൾ' ആണെന്ന് ഈ പുസ്തകം സൂചിപ്പിക്കുന്നു. അതിനാൽ ഈ കൃതി ചരിത്രത്തെ രേഖപ്പെടുത്തുന്നതിനേക്കാൾ, ദൈവം മനുഷ്യന്റെ സാധാരണ ഇടങ്ങളിൽ ഇന്നും സംസാരിക്കുന്നുണ്ടോ? എന്ന ദൈവശാസ്ത്രപരമായ അന്വേഷണത്തിലേക്കാണ് നയിക്കുന്നത്.



കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ ഇടയനും ചരിത്രകാരനുമായ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രമായ കർമ്മധീരൻ ഒരു ഇടയന്റെ ജീവിതം: ശെമവൂൻ മാർ ദീവന്നാസ്യോസ്: ജീവിതരേഖകൾ എന്ന ഗ്രന്ഥം 2026 ജൂലൈ 26 ഞായറാഴ്ച റാന്നി കുറ്റിയാനി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത പ്രകാശനം നിർവ്വഹിക്കുന്നു.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചറിൽ പിഎച്ച്.ഡി. നേടിയ ജൂഹി എലിസബത്ത് സാജൻ. റാന്നി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക അംഗമായ പുളിക്കൽ സാജൻ പി. തോമസിന്റെയും ജീൻ എലിസബത്തിന്റെയും മകളാണ്.



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. ഇംഗ്ലീഷ് (Integrated) പ്രോഗ്രാമിൽ അന്നറ്റ് അന്ന കോശിക്ക് മൂന്നാം റാങ്ക് ലഭിച്ചു. മുള്ളനിക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് വിദ്യാർത്ഥിയുമാണ്.



സ്വർണ്ണനാവുകാരനാം സുവിശേഷകൻ ജോഷ്വാച്ചൻ

ക്രൈസ്തവ മണ്ഡലേ വ്യക്തി   മുദ്ര പതിപ്പിച്ച പുരോഹിതൻ!
'മലങ്കര സഭാ ഗുരുരത്ന'മായി തീർന്നീ വേദഗുരു!
ആയിരങ്ങളാം വൈദീകർ തൻ അദ്ധ്യാപകൻ
ആയിരങ്ങളെ ക്രിസ്തുവിലേക്ക് നയിച്ച സുവിശേഷകൻ!

പുതിയ നിയമ കാതൽ വ്യാഖ്യാനിച്ച പഴയനിയമപടു!
പുതിയ നിയമ പ്രകാശേ തെളിച്ച ദീപമാണീ ജോഷ്വാച്ചൻ!
വായിക്കുന്നതിൻ പൊരുൾ മാറ്റി തന്ന വേദപാരഗതൻ
ആറു ദശാബ്ദം 'പഠിത്തവീടിൻ' ഉദാത്ത വേദാധ്യാപകൻ!

പൗലോസ് തൻ ലേഖനങ്ങളെ പ്രണയിച്ച ഗമാലിയേൽ!
മലങ്കരയെ പ്രകാശത്തിലേക്ക് നയിച്ച സ്നേഹദൂതൻ!
മാക്കാംകുന്നിൽ വിതറീ വചനം ദശാബ്ദങ്ങൾ മുടക്കമില്ലാതെ!
ജീവിതഗന്ധിയാം വിശദീകരണ വ്യക്തിയാണീ വൈദീകൻ

സങ്കീർത്തന-ങ്ങൾ തൻ ഉപാസകനാം 'യോശുവ'!
സത്യാരാധന ദൗത്യമായി സ്വീകരിച്ച പട്ടക്കാരൻ!
നാവ് മരവിച്ചപ്പോൾ 'മൗനിയായി ഏഴു ദിനങ്ങൾ' ഗ്രന്ഥം പിറന്നു!
സഹധർമ്മിണി തൻ വിയോഗം നേരിട്ടു അചഞ്ചല വിശ്വാസാൽ

കർത്തൃ കരം തൊട്ട സ്നേഹ-വാനാണീ ജോഷ്വാച്ചൻ!
വേദപുസ്തകബ ഭാഷ്യം,വിജ്ഞാന കോശം ഇവ തൻ പത്രാധിപർ:
സമാധാനത്തിനു അത്യധികം ഊന്നൽ ഏകിയ സ്വാത്വികൻ!
ക്രിസ്തുപൂവാടി പൈതൃകം ഉൾക്കൊണ്ട ശ്രേഷ്ഠവാൻ!

യഹോവ തൻ ധീരനാം, 'യോശുവായെ' പോൽ
വരമൊഴി, വാമൊഴി അനർഗളം ഒഴുക്കി ജ്ഞാന മൂർത്തി!
സണ്ടേസ്കൂളിലും,എക്യുമിനിസിന-ത്തിലും ഊന്നൽ നൽകീയീ പ്രതിഭ:
ആറു കാതോലിക്കാമാർക്കൊപ്പം വർത്തിച്ച വത്സലൻ;

സമാനതകളില്ലാ രചനാ വൈഭവം: എഴുപത് കടന്നു ശുശ്രൂഷ:
കുറിച്ചീ ബാവാ തൻ വത്സലൻ : നവതി കടന്നൂ ദീർഘായുസ്സ്:
മൂന്ന് ദശാബ്ദം 'ചിന്താവിഷയത്താൽ' ഉന്മേഷം ചൊരിഞ്ഞല്ലോ!
കോന്നിയിൽ ഉദിച്ച 'മിന്നും താരകമേ' പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്!

– സാബു ജോർജ്, കടമ്മനിട്ട




കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ 2026-ലെ മികച്ച യു.പി. വിഭാഗം അധ്യാപകർക്കുള്ള അവാർഡ് വാകത്താനം യു.പി. സ്കൂൾ മുൻ ഹെഡ്മിസ്ട്രസ് ഷൈനി കുര്യൻ കരസ്ഥമാക്കി. വാകത്താനം തടത്തിൽപ്പറമ്പിൽ കെ. ടി. കുര്യൻ-അന്നമ്മ കുര്യൻ ദമ്പതികളുടെ മകളും, കക്കാട്ട് രാജു മാത്യുവിന്റെ പത്നിയുമാണ് ഷൈനി. മക്കൾ: മെറിൻ രാജു, മെബിൻ രാജു.



മാവേലിക്കര പുതിയകാവ് സെൻറ് മേരീസ് കത്തീഡ്രലിനെക്കുറിച്ച് ചരിത്രകാരനായ ഡോ. എം. കുര്യൻ തോമസ് രചിച്ച *പഴയത് പുതുമയൊടൊന്നിച്ചും* എന്ന ഗ്രന്ഥം പുതിയകാവ് പള്ളിയിൽ മന്ത്രി രമേശ് ചെന്നിത്തല പ്രകാശനം ചെയ്തു. ഓർത്തഡോക്സ് സഭാ അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം ആദ്യ പ്രതി സ്വീകരിച്ചു. കോട്ടയം സോഫിയാ ബുക്സാണ് പ്രസാധകർ.

പുസ്തകം



പഴയത് പുതുമയൊടൊന്നിച്ചും

ഡോ. എം. കുര്യൻ തോമസ്

മാവേലിക്കര പുതിയകാവ് സെൻറ് മേരീസ് കത്തീഡ്രലിനെക്കുറിച്ചുള്ള ഗ്രന്ഥം.

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം ഫോൺ: 70122 70083

വില: **150** രൂപ



തിരുവനന്തപുരം ഭദ്രാസന വൈദിക യോഗം പരിശുദ്ധ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ഉള്ളൂർ അരമന ചാപ്പലിൽ നടന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസും പങ്കെടുത്തു.



Historic Orthodox Gathering held at Kuala Lumpur

The Joint Working Commission for Bilateral Relations between the Russian Orthodox Church and the Malankara Orthodox Syrian Church met at the Orthodox Cathedral of St. Mary the Theotokos, Kuala Lumpur, Malaysia on Sunday 26 July 2026.

The gathering was graced by the presence of Bishop Kirill, Zachariah Mar Nicholovos, Youhanon Mar Demetrios and Abraham Mar Stephanos.

The meeting reflected the shared commitment of both Churches to deepen Orthodox unity, theological dialogue, and international Christian fellowship.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പുതുപ്പള്ളി ഡിസ്ട്രിക്റ്റ് സമ്മേളന ഉദ്ഘാടനം.




A delegation from the Diocese of Calcutta of the Malankara Orthodox Syrian Church, led by Alexios Mar Eusebius Metropolitan, paid a courtesy visit to the Governor of Chhattisgarh, His Excellency Shri Ramen Deka. The delegation included Shaji Mukudiyil Cor Episcopa, Thomas Ramban, Fr. Jacob Thomas, Fr. Reji C. Varghese, and Jose Mukutthu.



ജോജി പി. തോമസ് വൈ.എം.സി.എ. തിരുവല്ല സബ് റീജൺ ചെയർമാൻ

തിരുവല്ല: വൈ.എം.സി.എ. സബ് റീജൺ ചെയർമാനായി ജോജി പി. തോമസ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. യൂണി - വൈ, യൂത്ത് ഫോറം സംസ്ഥാന ചെയർമാൻ, വൈ.എം.സി.എ സംസ്ഥാന വൈസ് ചെയർമാൻ,സബ് റീജൺ ജനറൽ കൺവീനർ, ഒ.സി.വൈ.എം കേന്ദ്ര ട്രഷറാർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മലങ്കര ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റിയംഗം, ഇന്ത്യൻ വൈ.എം.സി.എ യുടെ ഡൽഹിയിലെ കെ.ടി പോൾ സ്മാരക ആസ്ഥാനത്തിന്റെയും ഹോസ്റ്റലിന്റെയും വൈസ് ചെയർമാൻ, കെ.സി.സി കറന്റ് അഫേഴ്സ് കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ തിരുവല്ല, കുട്ടനാട്, ചങ്ങനശ്ശേരി, മല്ലപ്പള്ളി, റാന്നി എന്നി താലൂക്കുകട്ടിലായി 22 വൈ.എം.സി.എ കൾ ചേരുന്നതാണ് തിരുവല്ല സബ് റീജൺ.



എം.ജി. യൂണിവേഴ്സിറ്റി എം.എ. ആനിമേഷനിൽ (MA ANIMATION) ഡെലിൻ ഫിലിപ്പ് വിൽസൺ രണ്ടാം റാങ്ക് കരസ്ഥമാക്കി. കുളക്കട സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.